MR. KAINIKKARA M. PADMANABHA PILLAI: In the light of the observations that have been made, and also considering the complications involved in the matter, with your permission, Sir, I move, under Standing Order 27, that further discussion of the Bill be postponed for circulation and collection of public opinion.

SAHIB BAHADUR P. S. MUHAMED: I second it.

The motion was put to vote and carried.

THE TRAVANCORE CHRISTIAN GUARDIANSHIP BILL.

MR. JOSEPH VITHAYATHIL: I beg to move that I may be granted leave to introduce the Travancore Christian Guardianship Bill.

MR. C. JEBAMONY NADAR: I second it.

The motion was put to vote and carried.

Leave was granted.

THE EZHAVA BILL.

MR. N. R. KRISHNAN (*Ambalapuzha* cum *Shertala*:) ഈഴവബിൽ ഇവിടെ അവതരിപ്പിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

MR. K. KUNJU PANICKAR: I second it.

The motion was put to vote and carried.

Leave was granted.

RESOLUTIONS ON MATTERS OF PUBLIC INTEREST.

MR. K. P. KOCHUKORA THARAKAN: സർ, ഞാൻ താഴെ പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

This Assembly recommends to Government that the areas fit for cardamom cultivation in the Kottayam Division, lying contiguous to the lands assigned for cardamom cultivation in the Devicolam Division which was recently amalgamated with the Kottayam Division, be marked off from the reserve and assigned for cardamom cultivation.

കാർഡമം കൃഷിക്കു പറ്റിയ സ്ഥലങ്ങൾ തിരുവിതാംകൂറിലധികമുള്ളതു് ദേവികുളം ഡിവിഷനിലാണു്. ഏലകൃഷിക്കു കൊള്ളാവുന്ന സ്ഥലങ്ങളെ ഗവണ്മെൻറിൽനിന്നും പതിച്ചുകൊടുത്തു കൃഷി നടന്നുവരുന്നു. അതു് അധികവും വിദേശികൾക്കാണു കൊടുത്തിട്ടുള്ളതും. ഇപ്പോൾ ഇവിടത്തുകാർ ഏലകൃഷിക്കു സ്ഥലമില്ലാതെ വളരെ വിഷമിക്കുന്നു. കോട്ടയം ഡിവിഷനും ദേവികുളം ഡിവിഷനും ഒന്നിച്ചു ചേർത്തിരിക്കയാണല്ലൊ. കോട്ടയം ഡിവിഷൻറെ ബൗണ്ടറിയിൽ ഏലകൃഷിക്കു കൊള്ളാവുന്ന സ്ഥലങ്ങൾ ധാരാളമുണ്ടു്. അങ്ങിനെയുള്ള സ്ഥലങ്ങളെ റിസർവിൽനിന്നും വേർതിരിച്ചു പതിച്ചുകൊടുക്കണമെന്നാണു് എൻറെ അഭിപ്രായം. അങ്ങിനെ ചെയ്താൽ ഗവണ്മെൻറിനു തറവിലയിനത്തിൽ ഒരു ഭീമമായ സംഖ്യ കിട്ടുന്നതിനുംപുറമെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

ആണ്ടുതോറും നികുതിയിനത്തിലും മറ്റു നല്ല സംഖ്യ കിട്ടിക്കൊണ്ടിരിക്കും. ഏലകൃഷിക്കു റിസർവിനകത്തുനിന്നും സ്ഥലം കൊടുക്കുന്നതുകൊണ്ടു റിസർവു നശിച്ചുപോകുമെന്നു വിചാരിക്കേണ്ട ആവശ്യമില്ല. ഏലകൃഷിക്കു തണൽ ആവശ്യമായതുകൊണ്ടു വൃക്ഷങ്ങളും മുറിപ്പിച്ചു നശിപ്പിക്കരുതെന്ന വ്യവസ്ഥയിന്മേൽ തന്നെയാണല്ലൊ ഇപ്പോഴും പതിച്ചുകൊടുക്കുന്നതു്. അങ്ങിനെ ചെയ്യുമ്പോൾ, മഴയുണ്ടാകയില്ല എന്നു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ സാധാരണ പറഞ്ഞുവരുന്ന ആക്ഷേപത്തിനിടയുമില്ല. ഏലകൃഷി ചെയ്യുന്നതിനു പറ്റിയ സ്ഥലങ്ങളും വേറെയുണ്ടെന്നു ലാൻഡ് റവന്യൂ കമ്മീഷണർ പറയുകയുണ്ടായി. അവ റോഡിൽനിന്നും അറേഴു മൈൽ ഉള്ളിൽ കിടക്കുന്ന പാറപ്പുറങ്ങളാണ്. ഇവ ഒന്നിനും കൊള്ളാത്ത സ്ഥലങ്ങളാണ്. പള്ളിവാസൽ—നേര്യമംഗലം റോഡു വെട്ടുന്ന കാലത്തു് റോഡിന്റെ ഇരുവശത്തുമുള്ള തൊഴിലാളികൾക്കായി സ്ഥലങ്ങളും കൃഷിക്കായി പതിച്ചുകൊടുക്കണമെന്നാണഭ്യർത്ഥിക്കുന്നതു് എന്നു് അന്നു ദിവാനായിരുന്ന മി. വാട്സ് പറഞ്ഞ സംഗതി ഇന്നും എന്റെ ചെവിയിൽ മുഴങ്ങുന്നുണ്ടു്. അവ ഇനിയും പതിച്ചുകൊടുത്തിട്ടില്ല. അപ്രകാരം പ്രവൃത്തിച്ചിരുന്നെങ്കിൽ യാത്രക്കാർക്കു പള്ളിവാസലിൽനിന്നും നേര്യമംഗലത്തിനും നേര്യമംഗലത്തുനിന്നു പള്ളിവാസലിലേയ്ക്കും വന്യമൃഗങ്ങളുടെ ശല്യംകൂടാതെ യാത്രചെയ്യാമായിരുന്നു. എന്നുമാത്രമല്ല ആ സ്ഥലങ്ങളിൽ ധാരാളമായി വളരുന്ന വിവിധതര സസ്യവൃക്ഷലതാദികളും കൃഷിചെയ്യുണ്ടാക്കുമായിരുന്നു. ഈ സന്ദർഭത്തിൽ ആ സംഗതിയെക്കുറിച്ചു് അധികമൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടെ ഏലകൃഷിക്കു കൊള്ളാവുന്ന സ്ഥലങ്ങളും തിരുവിതാംകൂറുകാർക്കു ധാരാളമായി പതിച്ചുകൊടുക്കണമെന്നുള്ളതാണു വിഷയം. ഈ സംഗതി ഈ സഭയുടെ പര്യാലോചനയ്ക്കു വിഷയമാകണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. KOTTALIL P. ABRAHAM: Sir, a large number of people have now begun to take keen interest in cardamom cultivation; it is not confined to the people of the Kottayam Division alone. I would therefore support the resolution.

MR. THARIATHU KUNJITHOMMEN: സർ, ഞാൻ ഈപ്രമേയത്തെ അനുകൂലിക്കുന്നു. ജനങ്ങൾക്കു കൃഷിക്കു ഭൂമിയില്ലെന്നുള്ള പരാതി പരക്കെയുള്ളതാണ്. രാജ്യത്തിന്റെ മുന്നിൽ ഒരു കാര്യം വിശദമാക്കുന്നു പറയാ

LIBRARY ARCHIVES Kerala Legislative Assembly

സ്സ് കറവു വങ്ങത്തിയാൽ മഴയുണ്ടാകയില്ലെന്ന ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറ് സമാധാനം പറയും. ഈ പ്രമേയത്തിൽ പറഞ്ഞതിക്കുന്നപ്രകാരം ഭൂമി ഏലകൃഷിക്കായി പതിച്ചുകൊടുത്താൽ ആ ദോഷം വരാനില്ല. ഏലകൃഷിക്ക വൃക്ഷങ്ങളെ മുറിക്കുന്നതു ദോഷമാകയാൽ വൃക്ഷങ്ങളെ മുറിച്ചു നശിപ്പിക്കയില്ല. ചെറുകാട്ടുകളെ വെട്ടിത്തെളിച്ച് ഏലകൃഷി ചെയ്യുകയേ ഉള്ളു. ഏലകൃഷിക്കുള്ള ഭൂമികൾക്ക ഏക്കറിനു നൂറുരൂപയാണ് കരം. ഈ ഇനത്തിൽ ഗവൺമെൻറിനു ആണ്ടുതോറും നല്ല സംഖ്യ കിട്ടിക്കൊണ്ടിരിക്കും. ഇപ്പോൾ തരിവിള ഏക്കറിനു രൂ 0 പ്രകാരമുണ്ട്. ആ ഇനത്തിലും ഗവൺമെൻറിന് നല്ല വലിയ സംഖ്യ കിട്ടാകും. ഈ വിധത്തിൽ ഗവൺമെൻറിനൊ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനൊ യാതൊരു ദോഷവുമില്ലാത്തതും എന്നാൽ ലാഭമുള്ളതും ജനങ്ങൾക്ക കൃഷി വർദ്ധിപ്പിക്കുന്നതിനു ഉതകുന്നതും ന്യായ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതു കൊണ്ടു യാതൊരാക്ഷേപവുമില്ല. കൃഷി വർദ്ധിക്കാതെ നാടുടെ രാജ്യത്തു ഐശ്വര്യം ഉണ്ടാകയില്ല. അതുകൊണ്ടാണ് കൃഷി വർദ്ധിപ്പിക്കുന്നതിനു പദ്ധതികൾ ജനങ്ങൾ മുന്നോട്ടുവരുന്നതിനും മുന്നോട്ടുവരുന്നവരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യേണ്ടതാണ്. ഈ പ്രാവശ്യം റിസർവ്വിൽനിന്നും വലിയ ആദായം കിട്ടുന്നില്ല. നാലായിരമോ അയ്യായിരമോ ഏക്കർ പതിച്ചുകൊടുത്താൽ തന്നെ വലിയ സംഖ്യ ഗവൺമെൻറിനു ഉടനടി കിട്ടും. ഇപ്പോൾ ൧൫ ൦ ൦ ൦ ഏക്കർ സ്ഥലമാണ് ഏലകൃഷിക്കായി കൊടുത്തിട്ടുള്ളതു. ഇതിനെ സംബന്ധിച്ച് കൌൺസിലിൽ ചോദിച്ച ചോദ്യങ്ങൾക്ക കിട്ടിയ മറുപടിയിൽനിന്നാണ് ഈ കണക്ക ഞാൻ ഉദ്ധരിച്ചതു. ഇതിൽ ൫ ൦ ൦ ൦ ഏക്കറോളമേ സ്വദേശികൾക്ക കൊടുത്തിട്ടുള്ളു. ൮ ൮ ൦ ൦ ൦ ഏക്കർ സ്ഥലം വിദേശികളുടെ കയ്യിലാണിരിക്കുന്നതു. അവർക്ക കൊടുത്തതിൽ ഞാൻ ആക്ഷേപം പറയുന്നില്ല. അന്യ നാട്ടുകാർക്ക് ഈപ്രദേശങ്ങളിൽ പോകാൻ വളരെ പ്രയാസമായിരുന്നു. ഈ പ്രദേശങ്ങൾ അധികവും പാണ്ടിയോടടുത്തകിഴക്കൻമലഞ്ചരിവുകളാണ്. അവിടെ മധുര മുതലായ സ്ഥലങ്ങളിലുള്ളവർക്ക കയറുന്നതിനാണ് സൌകര്യം. അവർ ആ ഭാഗങ്ങളിൽ കയറി കൃഷിചെയ്തു. ഗവൺമെൻറിനു തരിവിലയിനത്തിൽ നല്ല തുക കിട്ടുകയും ചെയ്തു. നാട്ടുകാർ കൃഷി ചെയ്യുന്നതു പടിഞ്ഞാറൻ ചരിവുകളിലാണ്. ഒരു പന്തിരായിരമോ ഇരുപതിനായിരമോ ഏക്കർ സ്ഥലം നാട്ടുകാർക്ക പതിച്ചുകൊടുക്കണം. മൂവാറ്റുപുഴ തൊടുപുഴ താലൂക്കുകളിൽ ഇതിലേക്ക പറഞ്ഞ സ്ഥലങ്ങളും ധാരാളമുണ്ട്. ഇവ തന്നവാതാക്കർക്കാർക്ക മാത്രം പതിച്ചുകൊടുക്കുകയുള്ളു എന്ന വ്യവസ്ഥയിൽ പതിച്ചുകൊടുക്കണം. അപേക്ഷകളുടെ സ്ഥിതിയനുസരിച്ചു ചെറുതോ വലുതോ ആക്കി പതിച്ചു കൊടുക്കണം

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kumaran Vaidyan,]

നാം ഇറക്കുമതിച്ചരക്കുകൾക്കു അനവധിപണം വെളിയിൽ അയയ്ക്കുന്നുണ്ട്. ആ പണം നമ്മുടെ കയറ്റുമതിയിൽനിന്നു വേണം ഉണ്ടാകാൻ. അതുകൊണ്ടു രാജ്യത്തെ സാമ്പത്തികക്ഷേമം വർദ്ധിക്കണമെങ്കിൽ കയറ്റുമതി വർദ്ധിക്കണം. അതിനുതകുന്ന കൃഷിയാണ് ഏലം, കുരുമുളക്, പുക്കു് മുതലായവ. ഇവകളുടെ മാഹാത്മ്യം അറിഞ്ഞിട്ടാണല്ലോ യൂറോപ്യന്മാർ — പോർട്ടുഗീസുകാർ — ആദ്യം കേരളത്തിൽ വരാനിടയായതു്. മൈസൂരിൽ ഏലക്കൃഷി മുമ്പു ധാരാളമുണ്ടായിരുന്നു, ഇപ്പോൾ കുറെ ക്ഷയിച്ചിരിക്കുകയാണു്. ആകെയുള്ള ഏലത്തിൽ നാലിൽ മൂന്നു ഭാഗവും ഇവിടെയാണുണ്ടാകുന്നതു. ഇനിയും ഇതു വർദ്ധിപ്പിക്കാൻവേണം നോക്കാൻ. ഒരു പതിനായിരം ഏക്കറെങ്കിലും ഉടനടി പതിച്ചുകൊടുക്കേണ്ടതാണു്. ജനങ്ങളുടെ കൃഷിസൌകര്യവും വർദ്ധിപ്പിക്കുന്നതിനുപയുക്തമായ ഈ പ്രമേയത്തെ ഞാൻ ഹാർദ്ദവമായി അനുകൂലിക്കുന്നു.

MR. T. C. KESAVA PILLAI : സർ, റിസർവിനകത്തു് കൃഷിക്കുകൊള്ളാവുന്ന സ്ഥലങ്ങളെ വേർതിരിച്ചു തൊഴിലില്ലായ്മമൂലം കഷ്ടപ്പെടുന്ന തിരുവിതാംകൂറുകാക്കു പതിച്ചുകൊടുത്തു കൃഷി വർദ്ധിപ്പിക്കുക എന്നുള്ളതു ഗവണ്മെൻറിന്റെ ഒരു പ്രാധാന്യമേറിയ ചുമതലയാകുന്നു. തിരുവിതാംകൂറിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള പലരും വരവിൻറെ കുറവുകൊണ്ടു വളരെ കഷ്ടതയനുഭവിച്ചുകൊണ്ടിരിക്കുന്നു. അപ്രകാരമുള്ളവരുടെ ക്ലൂട്ടത്തിൽപ്പെട്ട ഒരു വക്കീലാണു ഞാൻ. വലിയ മൂലധനം മുടക്കി തൊഴിൽ ചെയ്തു ഉപജീവനം കഴിക്കുന്നതിനുള്ള സൌകര്യം ഇവിടെ ഉണ്ടാക്കണം. സാധാരണ തൊഴിലില്ലാതെ നടക്കുന്ന വക്കീലന്മാരെപ്പോലെയുള്ളവരാണു ഇവിടെ ഉർഘടങ്ങളുണ്ടാക്കുന്നതു്.

MR. A. K. KUMARAN VAIDYAN : തൊഴിലില്ലാത്ത വക്കീലന്മാരാണൊ ഇവിടെ ഉർഘടങ്ങളുണ്ടാക്കുന്നതു്?

MR. T. C. KESAVA PILLAI : വൈദ്യന്മാരുമുണ്ടു്. (ചിരി)

വടക്കൻ തിരുവിതാംകൂറിലെ റിസർവുകളിൽ കൃഷിക്കു കൊള്ളാവുന്ന സ്ഥലങ്ങൾ എവിടെയെല്ലാമാണെന്നുള്ളതു് ആ പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന മെമ്പർമാർ പ്രതിപാദിക്കയുണ്ടായി. അതുപോലെ തെക്കൻതിരുവിതാംകൂറിലെ സ്ഥലങ്ങളെപ്പറ്റി ഞാൻ പ്രതിപാദിക്കാം. മുത്തുക്കുഴിവയൽ എന്ന സ്ഥലത്തു് മുമ്പു മഹാരാജാവു തിരുമനസ്സുകൊണ്ടു എഴുന്നള്ളിയിരുന്നു. ഇറിഗേഷൻ പദ്ധതികൾക്കായി തിരുമനസ്സുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ആസ്ഥലം തുക്കൺപാക്കുകയുണ്ടായി. ആ സ്ഥലത്തു പത്തുപന്ത്രണ്ടുമൈൽസമചതുരത്തിൽ ധാരാളം ഏലക്കൃഷിക്കുള്ള ഭൂമിയുണ്ട്. അവ കൃഷിക്കുവളരെ സൌകര്യമുള്ള സ്ഥലമാണ്. ടിവാൻ പ്രസിഡൻറ് പഴക്കൃഷി ചെയ്യുന്നതിനു നല്ലതാണെന്നഭിപ്രായപ്പെട്ട ഒരു സ്ഥലവുമാണതു്. ഏലക്കൃഷി വർദ്ധിപ്പിക്കുന്നതിനു ആവശ്യമുള്ള സ്ഥലങ്ങൾ പതിച്ചുകൊടുത്തു ഗവണ്മെൻറു തിരുവിതാംകൂർകാരെ സഹായിക്കേണ്ടതാണ്.

എൻറെ ഒരു സ്നേഹിതൻ ബ്രിട്ടീഷ് അതിർത്തിയിൽ കുറെ സ്ഥലം വാങ്ങിച്ചു ഏലക്കൃഷി ചെയ്തു. അവിടെ ഇനിയും അനേകായിരം ഏക്കറോളം ഏലക്കൃഷിചെയ്യാവുന്ന സ്ഥലങ്ങളുണ്ടെന്നാണ് അദ്ദേഹം പറയുന്നതു്. ഏറോപ്ലയിനിൽക്കൂടി പോകുമ്പോൾ ഇവിടെ ഏലക്കൃഷിക്കു പറ്റിയതായ സ്ഥലങ്ങൾ ഉണ്ടെന്നു കണ്ടതായി പറഞ്ഞു. ബ്രിട്ടീഷ്ഇൻഡ്യയിൽ പലരും സെമിൻദാരന്മാരുടെ സ്ഥലങ്ങൾ പാട്ടത്തിനെടുത്തു് ഏലക്കൃഷി ചെയ്യുവരുന്നു. അതുകൊണ്ടു നമ്മുടെ നാട്ടിൻറെ ഐശ്വര്യാഭിവൃദ്ധിക്കുവേണ്ടി ഇവിടെ കൂടുതൽ ഏലക്കൃഷി വർദ്ധിപ്പിക്കയാണു വേണ്ടതു്.

കോതയാർ പ്രോജക്ട് ക്യാച്ച്മെൻറിലുൾപ്പെട്ട വെള്ളം മുത്തുക്കുഴിയിൽനിന്നും തിരുനെൽവേലിക്കു പോകുന്നതിനെ തടയുന്നതിനായി ഗവണ്മെൻറ് നടത്തിവരുന്ന ശ്രമത്തിനു തെക്കൻതിരുവിതാംകൂർകാർ നന്ദിയുള്ളവരാകുന്നു. പേച്ചിപ്പാറ അണയുടെ സമീപമുള്ള വലിയ ഏലമുതലായ സ്ഥലങ്ങൾ നല്ല കൃഷിസ്ഥലങ്ങളാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. A. K. KUMARAN VAIDYAN : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. എല്ലാ താലൂക്കുകളിലും സാധുക്കളായ കൃഷിക്കാർക്ക് ഗവണ്മെൻറിൽനിന്നും സ്ഥലം പതിച്ചുകൊടുക്കുകയാണ് വേണ്ടതു്. ധാരാളം സ്ഥലങ്ങൾ ഓരോ ജന്മിമാരുടെയും കൈവശം തരിശായി കിടപ്പുണ്ടു്. ധനവാന്മാർ അവരുടെ ഭൂമിയുടെ അളവു വർദ്ധിപ്പിക്കണമെന്നുള്ള വിചാരത്തോടുകൂടിമാത്രം കൂടുതൽ കൂടുതൽ - ഭൂമി സമ്പാദിക്കുന്നുണ്ടു്. ഈ ഭൂമിയിൽ ഭൂരിഭാഗവും കൃഷിചെയ്യാതിട്ടിരിക്കയാണു്. എന്നാൽ സാധുക്കളുടെ കയ്യിലുള്ള ഭൂമികളെല്ലാം വേണ്ടപോലെ കൃഷിക്കു ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കയാണു്. സാധുക്കൾ ജോലി ചെയ്തു നന്നാക്കിവച്ചിട്ടുള്ള ഭൂമികൾകൂടി പണക്കാർ കൈവശപ്പെടുത്താൻ ശ്രമിക്കുന്നു. തെക്കൻതിരുവിതാംകൂറിൽ സാധുക്കൾക്കു ഭൂമിപതിച്ചുകൊടുക്കുകയും കൃഷിക്കുപയുക്തമായ വെള്ളവും വളവും കൊടുക്കുകയും ചെയ്യുന്നുണ്ടെന്നാണറിയു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kumaran Vaidyan.]

ന്നത്. ഇമ്മാതിരി സൌജന്യങ്ങൾ വടക്കൻ തിരുവിതാംകൂറിലുള്ള സാധുക്കളായവർക്ക് ഗവണ്മെൻറിൽനിന്നു ചെയ്യുകയും കൃഷിക്കായി ഭൂമി പതിച്ചു കൊടുക്കുകയും ചെയ്യേണ്ടതാണ്. ഏലക്കൃഷിക്കു പറ്റിയ സ്ഥലം ദേവികുളം താലൂക്കിലാണുള്ളത്. ഈ സ്ഥലങ്ങൾ ഇപ്പോൾ കണ്ണൻദേവൻ മുതലായ കമ്പനിക്കാരുടെ കൈവശമാണ്. ബാക്കിയുള്ള സ്ഥലങ്ങളെങ്കിലും മേലാൽ കമ്പനികൾക്ക് കൊടുക്കാതെ സാധുക്കൾക്കു പതിച്ചു കൊടുത്തു അവരെ സഹായിക്കണമെന്നപേക്ഷിക്കുന്നു.

The Dewan President vacated the chair at 3. 35 P. M. and it was occupied by the Deputy President.

MR. T. T. KESAVAN SASTRI : സർ, ഞാൻ ഈ പ്രമേയത്തിന്റെ തത്വത്തെ അനുകൂലിച്ചുകൊള്ളുന്നു. റിസർവുകളിലെ ഭൂവിഭാഗങ്ങൾ ഏലക്കൃഷിയും മാറുമായി ഒഴിച്ചു പതിച്ചു നൽകണമെന്നുള്ളതാണല്ലൊ വാദവിഷയം. ഏലക്കൃഷി ആദായമുള്ളതാണ്. അതിനു പറ്റിയസ്ഥലങ്ങൾ പതിവച്ചുകൊടുത്താൽ സർക്കാരിനും ലാഭമുണ്ടാകുന്നതാകുന്നു. ഗവണ്മെൻറിനു തക്കതായ ആദായങ്ങളില്ലാത്ത റിസർവുകൾ മേലും ഇതേവിധത്തിൽ വച്ചുകൊണ്ടിരിക്കുന്നതു ഔചിത്യമല്ലെന്നും, ജനങ്ങളുടെ ആവശ്യമറിഞ്ഞു ഭൂമികൾ പതിച്ചു നൽകേണ്ടതു അത്യാവശ്യമാണെന്നുമാണ് എന്റെ അഭിപ്രായം. സർ, കുടിപാർക്കുവാനോ മരിച്ചാൽ കഴിച്ചുമൂടുവാനോ തന്നെ സ്വന്തം ഭൂമിയില്ലാത്തവർ തിരുവിതാംകൂറിൽ ഒട്ടും കുറവല്ല. ഇവരിൽ ഏറിയഭാഗവും ഇവിടത്തെ അവശസമുദായക്കാരാണ്. അവശസമുദായക്കാർ വളരെ മുൻപുമുതലെ അന്യരുടെ സ്ഥലങ്ങളിൽ അടകുടിക്കാരായി കഴിയുകയായിരുന്നു. ഇന്നും ഈ നിലക്കു ഗണ്യമായ മാറ്റമൊന്നും ഉണ്ടായിട്ടില്ല. സ്വന്തമായി താമസിക്കുന്നതിനും കൃഷിചെയ്തു ഉപജീവനം കഴിക്കുന്നതിനും ഭൂമി ആവശ്യമാണെന്നുള്ള ബോധം അവശസമുദായക്കാർക്കു ഉണ്ടാകാൻ തുടങ്ങിയതെയുള്ളൂ. എന്നാൽ അവരുടെ ആഗ്രഹത്തിനനുസരിച്ചു ഭൂമികൾ സമ്പാദിക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ ഗവണ്മെൻറു അവശസമുദായസംരക്ഷണവകുപ്പു മുഖേനയും മാറും അവശസമുദായാംഗങ്ങൾക്കു ഭൂമി പതിച്ചു് നൽകാൻ സദയം ശ്രമിച്ചുവരുന്നു. അതു ഇവിടെ അനുസ്മരിക്കാതിരിക്കുന്നില്ല. പ്രത്യേകിച്ചും സൌജന്യപതിവിനും ആരംഭിക്കയും സഹായിക്കയും ചെയ്യുന്നതിനെ മറയ്ക്കാൻ സാധിക്കുന്നതും അല്ല. മിക്ക താലൂക്കുകളിലും ഈ ഇനത്തിൽ കുറേശ്ശ ഭൂമികൾ നൽകിയിട്ടുണ്ട്. എങ്കിലും ഭൂമി കിട്ടിയിട്ടുള്ളവരുടെ സംഖ്യ കേവലം പരിമിതമാണെന്നുതന്നെ പറയാം. ഭൂമികി

LIBRARY ARCHIVES Kerala Legislative Assembly

ട്ടിയിട്ടുള്ളവക്ക് ആ വിധത്തിൽ സങ്കടം ഉണ്ടാകുന്നില്ല. അടകുടിക്കാരും അടകുടികളിൽനിന്നും ബഹിഷ്കൃതരുമായ അനവധി ആളുകൾ ഓരോ തരത്തിൽ വിഷമതകളും ബുദ്ധിമുട്ടുകളുംഅനുഭവിച്ചു വരുന്നുണ്ട്. സർ, എത്രയോ പ്രാവശ്യം ഈ വസ്തുത ഗവണ്മെൻറിന്റേയും ഈ സഭയുടേയും ശ്രദ്ധക്കു വിഷയമാക്കിയിട്ടുള്ളതാകുന്നു. എങ്കിലും ആ അവസരങ്ങളിലൊക്കെയും കൺസർവേറ്റരും റവന്യൂ അധികാരികളും ഓരോ പ്രതികൂലാഭിപ്രായങ്ങളാണ് പറഞ്ഞിട്ടുള്ളത്. ഈ പ്രാവശ്യവും അനുഭവം അതുതന്നെ ആയിരിക്കയില്ലെ എന്നു സംശയമില്ലാതില്ല. ജനങ്ങളുടെ പരാധീനത ഉദ്യോഗസ്ഥന്മാർ ശരിയായി ഗ്രഹിക്കുന്നില്ല. അറിഞ്ഞിരുന്നാൽത്തന്നെയും അവർ അതിൽ അശ്രദ്ധരായിട്ടാണ് കാണുന്നത്. രാജ്യരക്ഷയെ മുൻനിറുത്തി പറയുകയാണെന്ന് അവർ സമാധാനം പറകും. ജനസംഖ്യയുടെ വർദ്ധനവും ജീവിതസൗകര്യക്കുറവും മറും ശരിയായി പരിഗണിച്ച് ഈ വിഷയത്തിൽ ഗവണ്മെൻറു വേണ്ടതു ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കാതിരിക്കുന്നതു വളരെ കഷ്ടമാണ്. അവശജനങ്ങളുടെ ഇന്നത്തെ നില വളരെ പരുങ്ങലിലാണ്. ഹിന്ദുവിനു ക്രസ്ത്യാനിയും ക്രസ്ത്യാനിക്കു ഹിന്ദുവും വേലയും കൂലിയും താമസസൗകര്യവും നൽകാതിരിക്കുന്ന ഒരു സന്ദർഭമാണിത്. ഇങ്ങനെയുള്ള വിഷമഘട്ടങ്ങൾ ഗവണ്മെൻറു സദയം അറിഞ്ഞേ തീരു. പത്തനംതിട്ട, വടശ്ശേരിക്കര, റാന്നി, മുതലായ സ്ഥലങ്ങളിലും ചങ്ങനാശേരി, തൊടുപുഴ മൂവാറ്റുപുഴ മുതലായ താലൂക്കുകളുടെ കിഴക്കൻ ഭാഗങ്ങളിലും അധികവും തേയിലത്തോട്ടങ്ങളും റബ്ബർ തോട്ടങ്ങളും ഏലത്തോട്ടങ്ങളും ആണല്ലൊ. ഈ തോട്ടങ്ങളിൽ വേലചെയ്യും അടകുടി താമസിച്ചും കഴിഞ്ഞുവന്നിരുന്നവരായ ഒരു വലിയ സംഘം ആളുകളെ അവരുടെ മതവിശ്വാസത്തേയും ആചാരത്തേയും പരിഗണിച്ച് അതാതു തോട്ടങ്ങളുടെ ഉടമസ്ഥന്മാർ ഇറക്കിവിടുന്നു. ആ സാധുക്കളുടെ അവസ്ഥ വളരെ കഷ്ടതരമല്ലയൊ? അവരിൽ കുറെ ആളുകൾ ഏരുമേലി, പുറപ്പോസ്, വെൺകുറിഞ്ഞി മുതലായ സ്ഥലങ്ങളിൽനിന്നും ഇവിടെ എത്തിയിട്ടുണ്ട്. അവർ ഗവണ്മെൻറിന്റെ കാരുണ്യത്തെ ആശ്രയിച്ച് വന്നിട്ടുള്ളവരാകുന്നു. ഈ വിധത്തിൽ വിഷമിക്കുന്ന ആ സാധു ജനങ്ങൾക്കു ഗവണ്മെൻറിൽനിന്നും കഴിയുന്നതും വേഗത്തിൽ ആശ്രയം നൽകാതിരുന്നാലത്തെ അവസ്ഥ എന്തായിരിക്കും? അനവധി ആളുകൾ ഇപ്പോൾ സ്വന്തം ഭൂമിയില്ലാതെ ദുഃഖിതരാകുന്നു എന്നുള്ള വസ്തുത ഗവണ്മെൻറു നേരിട്ടറിയേണ്ടതാണ്. സർ, ഗവണ്മെൻറിന്റെ ആനുകൂല്യം ജനങ്ങളുടെ രക്ഷയ്ക്കു സഹായമാ

LIBRARY ARCHIVES Kerala Legislative Assembly

കുന്നു. മിക്കവാറും മുന്നു ഭാഗങ്ങളും പതിച്ചു നൽകിയിട്ടുള്ളതും ആദായങ്ങളില്ലാത്തതുമായ കുടിവനങ്ങൾ നമ്മുടെ രാജ്യത്തു ദൈവാധീനത്താൽ ഇനിയും കുറവില്ല. തൊടുപുഴ, മൂവാറ്റുപുഴ എന്നീ താലൂക്കുകളിലും ചങ്ങനാശേരി, തിരുവല്ലാ, പത്തനംതിട്ട, പത്തനാപുരം, നെടുമങ്ങാട്, നെയ്യാറ്റിൻകര, വിളവൻകോട് എന്നീ താലൂക്കുകളിലും ഉള്ള പല കുടിവനങ്ങളും എനിക്കു നേരിട്ടു കാണാനും വിവരങ്ങളറിയാനും കഴിഞ്ഞിട്ടുണ്ട്. ഇതിൽ മിക്കവാറും സ്ഥലങ്ങൾ വെറും നാമമാത്രം റിസർവുകളാണ്. പതിച്ചു നൽകുന്നതായാൽ ജനങ്ങൾക്കും സർക്കാരിനും ഉപകാരമായിരിക്കും. ചങ്ങനാശേരി താലൂക്കിൽ ചേന്ന മുണ്ടകയത്തുള്ള കാളവനവും പത്തനംതിട്ട താലൂക്കിൽ ചേന്ന റാന്നി വലിയകാവും, കരികുളവും അരീക്കകാവും വെൺകുറിഞ്ഞി മുതലായ സ്ഥലങ്ങളും പത്തനാപുരം താലൂക്കിൽ കുരിയോട്ട റിസർവും മിക്കവാറും മുന്നും ചിലതു നാലുവശവും പതിച്ചു നൽകിയിട്ടുള്ളതായി കാണാവുന്നതാണ്. അവശേഷിച്ചിട്ടുള്ള സ്ഥലങ്ങൾകൂടി ഒഴിച്ചു പതിച്ചു നൽകുന്നതുകൊണ്ടു ഒരു ദോഷവും വരാനിടയില്ല കാർമേഘത്തെ തടഞ്ഞു നിറുത്തി മഴ പെയ്യിക്കാൻ പറ്റുന്നതല്ലാതെ കിഴക്കു ധാരാളമുണ്ട്. രാജകീയ വൃക്ഷങ്ങളൊ മറ്റു ആദായങ്ങളൊ കായ്മായി മേല്പറഞ്ഞ സ്ഥലങ്ങളിൽനിന്നും ലഭിക്കാനില്ല. ഗവണ്മെൻറു ഈ കായ്ങ്ങളിൽ ദയവായി ഗൗനിക്കുമെന്നു വിശ്വസിക്കുന്നു ഡിപ്പാർട്ടുമെൻറു മേലധികാരികളുടെ ദാക്ഷിണ്യമുണ്ടാകാൻ അപേക്ഷിക്കുന്നു കൊണ്ട് നിറുത്തുന്നു.

സർ, പ്രമേയത്തിന്റെ തത്വത്തെ പരമാർശിച്ചുകൊണ്ടു ഇതുയും കായ്ങ്ങൾ ഗവണ്മെൻറിന്റെയും ഈ സഭയുടേയും ശ്രദ്ധക്കു വിഷയമാക്കിയിട്ടുള്ളതാകുന്നു. പൊതുജനങ്ങളുടെ ആവശ്യത്തിന് ഈ പ്രസ്താവന എത്രയും വേഗത്തിൽ പ്രയോജനപ്പെട്ടു കാണ്മാൻ എനിക്കു അത്യഗ്രഹമുണ്ട്. ഏലകൃഷിക്കായ് സ്ഥലം കൊടുക്കരുതെന്നോ അങ്ങിനെ സ്ഥലം കൊടുക്കുന്നതിൽ ഞാൻ വിപരീതാഭിപ്രായക്കാരനാണെന്നോ, ഇതുയും കായ്യം പറഞ്ഞിട്ടുള്ളതിൽനിന്നും ഊഹിക്കാനിടയില്ലല്ലൊ. പാവങ്ങളുടെ കായ്ത്തിനു മുൻഗണന വേണമെന്നേ നിർബന്ധിച്ചിട്ടുള്ളു.

MR. N. JOHN JOSEPH (*Nominated*) : സർ, ബഹുമാനപ്പെട്ട മെമ്പർ കൊച്ചുകോരത്തരകൻ അവർകൾ അവതരിപ്പിച്ചിരിക്കുന്ന ഈ റസ്സല്യൂഷന്റെ തത്വത്തെ ഞാൻ അംഗീകരിക്കുന്നു. ഏലകൃഷിക്കു കൂടുതൽ ഭൂമി പതിച്ചു കൊടുക്കണമെന്നുള്ള റസ്സല്യൂഷനാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു്. ഹിന്തുക്കളും ക്രിസ്ത്യാനികളുമായ പ്രബലസമുദായക്കാർ കൂടി

LIBRARY ARCHIVES Kerala Legislative Assembly

തൽ ഭൂമി പതിച്ചു കൊടുക്കണമെന്നു ആവശ്യപ്പെടുന്നതു അവർക്കു കുടി പാപ്പിനൊ ചത്താൽ കുഴിച്ചിടുന്നതിനൊ കൃഷിക്കൊ ഭൂമി ഇല്ലാഞ്ഞിട്ടല്ല. നേരെ മറിച്ചു വസ്തുവിന്മേൽ വസ്തു വർദ്ധിപ്പിക്കുന്നതിനും ധനത്തിന്മേൽ ധനം ആർജ്ജിക്കുന്നതിനുമായിട്ടാണു്. കുടിപാപ്പിനൊ ചത്താൽ കുഴിച്ചിടുന്നതിനൊ തങ്ങളുടെ വിശപ്പടക്കാൻവേണ്ടി എങ്കിലും ഭൂമി ഇല്ലാത്തവരാണു ഇവിടത്തെ ക്രിസ്ത്യാനികളും ഹിന്തുക്കളുമായ അവശവർഗ്ഗക്കാർ അവർക്കു ഭൂമി പതിച്ചു കൊടുക്കയും ദാരിദ്ര്യക്കുണ്ടിൽനിന്നു അവരെ കരകയറ്റുകയും ചെയ്യുന്ന വിഷയത്തിലാണു് ഗവർമ്മെൻറു പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതു്. അതു ഇവിടെ ചെയ്യുകാണുന്നില്ല. പതിച്ചുകൊടുക്കുന്നതിനു നീക്കിവെയ്ക്കുന്ന ഭൂമികളിൽ ഇരുപതു ശതമാനം, ഭൂമി ഇല്ലാത്ത വർഗ്ഗക്കാർക്കായി നീക്കിവെച്ചു ബാക്കിയുള്ളതു അവർക്കു പതിച്ചുകൊടുക്കണമെന്നു റിട്ടയർഡ് ദിവാൻജി ദിവാൻബഹദൂർ വി. എസ്സ്. സുബ്രഹ്മണ്യയ്യർ അവർകളുടെ ഗവർമ്മെൻറു തീരുമാനിച്ചിരുന്നു. ആ കല്പന പേഷ്കാരന്മാരും, തഹശീൽദാരന്മാരും മറന്നുപോയി എന്നാണു് തോന്നുന്നതു്. ഈ രാജ്യത്തെ സവർണ്ണ ക്രിസ്ത്യാനികളും ഹിന്തുക്കളും ഭൂമിയില്ലത്ത അവശസമുദായക്കാരുടെ പേരിൽ ഭൂമി പതിച്ചുകൊടുക്കുന്നതിൽ എപ്പോഴും എതിരുനിന്നുകൊണ്ടാണു് വരുന്നതു്. റവന്യൂ ഡിപ്പാർട്ടുമെൻറിലെ പാവ്വത്യക്കാർ മുതലായ കീഴ് സിൽബന്ധികളും അവശസമുദായക്കാരുടെ ഭൂമി പതിവുവിഷയത്തിൽ കാട്ടിക്കൂട്ടുന്ന ക്രൂരതകളും നീതികേടും സഹിക്കാവുന്നതിൽ കൂടുതലാണു്. പാവ്വത്യക്കാരന്മാർ വ്യാജമായി നിർമ്മിക്കുന്ന റിപ്പോർട്ടുകളും മഹസ്സറുകളും ലാൻഡ്റവന്യൂ കമ്മീഷണർ മുതലായ വലിയ ഉദ്യോഗസ്ഥന്മാക്കു ഒരു തരത്തിലും മാറുവാനും കണ്ടുപിടിക്കാനും കഴിയാത്തവിധത്തിൽ അതിസാമർത്ഥ്യത്തോടുകൂടെയാണു്. അവർ അതുകൊണ്ടുമേൽ തന്ത്രജ്ഞന്മാരും മിടുക്കന്മാരുമാണു്. തന്നിമിത്തം ലാൻഡ്റവന്യൂക്കമ്മീഷണരും മറ്റും കുടുങ്ങി അവശരെ സംബന്ധിച്ചു നീതികേടു പ്രവർത്തിപ്പാൻ പ്രേരിതരായി തീർന്നുപോകുന്നുണ്ടു്. പത്തും പതിനഞ്ചും വർഷങ്ങളായി കൈവശം വെച്ചനുഭവിച്ചും വീടുകൾ കെട്ടി കുടിപാർത്തും ഗണ്യമായി തോണ്ടങ്ങൾ ഉറപ്പിച്ചും വന്നിട്ടുള്ള അവശവർഗ്ഗ ക്രിസ്ത്യാനികളെയും ഹിന്തുക്കളെയും കണ്ണീരുകുടിയിറക്കി വിടുന്ന നയം ഇപ്പോഴും പ്രയോഗത്തിൽ ഇരിക്കുന്നുണ്ടു്. അങ്ങിനെയുള്ള സ്ഥലങ്ങൾ കമ്മീഷണർ അവർകൾ നേരിട്ടു പരിശോധിച്ചെങ്കിൽ മാത്രമെ പാർവത്യകാരന്മാരുടെ വ്യാജ പ്രവർത്തികൾ കണ്ടുപിടിക്കുന്നതിനും നീതി നടത്തുന്നതിനും സാധിക്കയുള്ളു. അങ്ങി

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John Joseph.]

നെയുള്ള സ്ഥലങ്ങൾ പരിശോധിക്കുന്നതിനു വഴിദ്ദർഘടമുള്ളതായി തോന്നുന്നപക്ഷം ഞങ്ങൾ കമ്മീഷണരെ മേനാവിൽ ഇരുത്തി എടുത്തുകൊണ്ടുപോയി എങ്കിലും ബോദ്ധ്യപ്പെടുത്തിക്കൊടുക്കാം. കുന്നത്തൂർ താലൂക്കിൽ ഏനാദിമംഗലം പകുതിയിൽ ഏഴംകുളം മുറിയിൽ സർവ്വെ 783/21-ൽ 15 വർഷങ്ങളായി കുടിപാർത്തുവരുന്ന ഏതാനും അവശരെ അവിടെനിന്നും ആട്ടിപ്പായിക്കുന്നതിനു മുഹമ്മദീയരും സുറിയാനിക്കാരുമായ ഏതാനും പ്രമുഖന്മാർ ശ്രമിച്ചുവരുന്ന വിവരം കമ്മീഷണരുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നു. പോലീസുകമ്മീഷണർ അവർകൾക്കു വിവരം കാണിച്ചു എഴുതിയ ഒരു ഹർജി എന്റെ പോക്കറ്റിൽ കിടക്കുന്നു. അദ്ദേഹത്തെക്കണ്ടും ഇല്ല. ആ സാധുക്കൾ ഈ ബാഹ്മണിയിൽ ഇപ്പോൾ ഇരിപ്പുണ്ട്:

DEPUTY PRESIDENT: I have been following the trend of the honourable member's speech. He has been making very general observations. Let him confine his observations to the resolution under discussion.

MR. PUTHUPALLI S. KRISHNA PILLAI: Sir, I wish to know which resolution is now under discussion.

DEPUTY PRESIDENT: Resolution No. 4.

MR. PUTHUPALLI S. KRISHNA PILLAI: But then, Sir, resolution No. 5 has been allowed to be withdrawn.

DEPUTY PRESIDENT: Mr. Kochukora Tharakan has been allowed to move resolution No. 4. He referred to cardamom cultivation and all that.

What has Mr. Tharkan to say ?

MR. K. P. KOCHUKORA THARAKAN: ഞാൻ റസല്യൂഷൻ നമ്പർ നാലാണ് അവതരിപ്പിച്ചതു്. അതായതു് ഏലക്കൃഷിക്കു റിസർവ്വിൽനിന്നും സ്ഥലം പതിച്ചുകൊടുക്കണമെന്നുള്ള പ്രമേയം.

MR. M. RAMACHANDRA RAO: Sir, Resolution No. 4 deals with cardamom cultivation, but members speaking on the resolution put forward the claim that lands should be distributed for cultivation just as appointments in the public service.

DEPUTY PRESIDENT: That is exactly what I pointed out to the honourable member.

MR. N. JOHN JOSEPH: പ്രമേയത്തിന്റെ മൂലതത്വത്തോടു യോജിച്ചുകൊണ്ടു് അവശസമുദായങ്ങളുടെ അവശതയെപ്പറ്റി പറയുകയാണ്.

ഈ കാര്യത്തിൽ കമ്മീഷണർ അവർകൾ വേണ്ടതു് ചെയ്യണമെന്നപേക്ഷിക്കുന്നു. മൂവാറ്റുപുഴ തൊടുപുഴ മുതലായ തലൂക്കുകളിൽ ഏ

LIBRARY ARCHIVES Kerala Legislative Assembly

താനും സ്ഥലം അവശക്കാർക്ക് പതിച്ചുകൊടുക്കുന്നതിനായി എത്രയോ പ്രാവശ്യം വന്നിട്ടുണ്ട്. ഈ താലൂക്കുകളിൽ അവശക്കാർക്ക് സൌജന്യനിരക്കിൽ പതിച്ചുകൊടുക്കുന്നതിനു തിരിച്ചിട്ട സ്ഥലങ്ങളിൽ പ്രബലന്മാരായ ആൾക്കാർ പ്രവേശിച്ചുകഴിഞ്ഞു. അവശക്കാർ എത്രതന്നെ അപേക്ഷിച്ചിട്ടും പ്രവേശനം അനുവദിച്ചിട്ടുമില്ല. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽനിന്നും പ്രബല സമുദായക്കാരെ ഒഴിച്ച് അവശക്കാർക്ക് പതിച്ചുകൊടുക്കണമെന്നാണ് അപേക്ഷിക്കുന്നത്. മന്നാംകുന്നത്തിൽ അവശക്കാർക്കുവേണ്ടി തിരിച്ചിട്ട സ്ഥലത്തും പ്രബലസമുദായക്കാർ പ്രവേശിച്ചുകഴിഞ്ഞു. ആ സ്ഥലത്തുനിന്നും അവരെ ഒഴിച്ച് അവശക്കാർക്ക് പ്രവേശനം അനുവദിക്കണമെന്നാണ് അപേക്ഷിക്കുന്നത്. ചങ്ങനാശേരി, തിരുവല്ലാ, പത്തനംതിട്ട എന്നീ താലൂക്കുകളുടെ കിഴക്കൻഭാഗങ്ങളിൽ എത്രയോ ഭൂമികൾ പതിച്ചുകൊടുക്കണമെന്നു പല വർഷങ്ങളായി അവശർ അപേക്ഷകൾ ബോധിപ്പിച്ചുകൊണ്ടിരിക്കയാണ്. ഗവർമ്മെൻറ് ഈ അപേക്ഷകളെ ഇതുവരെ ഗൌനിച്ചിട്ടില്ല. ഈ സ്ഥലങ്ങളെ സംബന്ധിച്ചുള്ള അപേക്ഷകൾ ദയവായി ചിന്തിച്ച് അവശക്കാർക്ക് പതിച്ചുകൊടുക്കുന്ന കാര്യത്തിൽ ശ്രദ്ധ പതിക്കണമെന്നു അപേക്ഷിക്കുന്നു. കുന്നുകാലിവനങ്ങളായും കുട്ടിവനങ്ങളായും വളരെ ഏക്കർ ഭൂമികൾ പല താലൂക്കുകളിലും പ്രയോജനമില്ലാതെ കിടപ്പുണ്ട്. ആ വക സ്ഥലങ്ങൾ തരിശിനങ്ങളിൽ നിന്ന് മാററി ഭൂമിയില്ലാത്ത വർഗ്ഗക്കാർക്കായി പതിച്ചുകൊടുക്കണം. ഒരു സെൻറ് ഭൂമിപോലും ഇങ്ങിനെയുള്ള സ്ഥലങ്ങളിൽ പതിച്ചുകൊടുക്കുന്നതല്ലെന്നു കമ്മീഷണർ ഒരിക്കൽ പറഞ്ഞതായി ഞാൻ ഓർക്കുന്നു. അതു ജീവകാരുണ്യമല്ല. കുന്നുകാലിമേച്ചിലിനു അത്യാവശ്യമില്ലാത്ത ഇടങ്ങളിൽ പല സ്ഥലത്തും ഇങ്ങിനെ ഭൂമി തിരിച്ചിട്ടിട്ടുണ്ട്. ആ സ്ഥലങ്ങളെ സംബന്ധിച്ചു കമ്മീഷണർ ഗവർമ്മെൻറിലേക്കു റിപ്പോർട്ടുകൊടുത്തു. തരിശിനത്തിൽ മാററിച്ചു അവശരുടെ പേരിൽ പതിച്ചു കൊടുക്കണം. ഒരു ലക്ഷം രൂപാ കെട്ടിയിരിപ്പുള്ള വനം 10 സെൻറ് ഭൂമി ഉള്ള വനംകൂടി നോക്കിയാൽ 10 സെൻറ് ഭൂമിയുള്ളവനാവാൻ എന്തുവേണം വിചാരിപ്പാൻ. അതിനാൽ ഭൂമിയില്ലാത്ത അവശക്കാർക്ക് അവരുടെ പേരിൽ ഭൂമി പതിച്ചുകൊടുത്തു അവരെ സ്വതന്ത്രരായിക്കയും അവരെ പൌരന്മാരാക്കിത്തീർക്കയും ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു റസ്സല്യൂഷനിലെ തത്വത്തോടു ഞാൻ യോജിക്കുന്നു.

MR. KAVIYOOR K. K. KOCHUKUNJU: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർമ്മെൻറിന്റെ വിലയേറിയ ശ്രദ്ധയ്ക്ക് ഒരു രണ്ടു സംഗതികൾ പ്രസ്താവിച്ചുകൊള്ളട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kaviyoor K. K. Kochukunju].

ഭ്രസ്വത്തില്ലാത്ത സാധുജനങ്ങൾക്ക് ഭ്രസ്വത്ത് ഉണ്ടാക്കി സംരക്ഷിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട ഗവർമ്മെൻറിന്റെ ഉദ്ദേശമെങ്കിൽ സൌജന്യ പുനരധിവാസ പതിവിനു അർഹതയുള്ളവരായി ന്യൂനപക്ഷക്കാരായ ഹിന്ദുക്കളും ക്രിസ്ത്യാനികളുമായിട്ടുള്ള ഒട്ടനവധി ജനങ്ങൾ ഈ സംസ്ഥാനത്തുണ്ട്. അവരെക്കൂടി ഈ സൌജന്യപുനരധിവാസ വ്യവസ്ഥയിൽ ഉൾപ്പെടുത്തി സഹായിക്കുന്നു എങ്കിൽ മാത്രമേ ഗവർമ്മെൻറിന്റെ സദുദ്ദേശം സംപൂർണ്ണാവസ്ഥയിൽ എത്തിക്കാനുവാൻ സാധിക്കയുള്ളൂ. ഇപ്പോൾ സൌജന്യപുനരധിവാസ പട്ടികയിൽ ചുരുക്കം ചില സമുദായങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. ഇപ്പോൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങളേക്കാൾ ഭ്രസ്വത്തിന്റെ കാര്യത്തിൽ വളരെ വിഷമം അനുഭവിക്കുന്ന സമുദായങ്ങളിൽ ഒന്നാണ് ഞാൻ ഉൾപ്പെട്ട വർണ്ണവസമുദായം. ഈ സാധു സമുദായത്തെക്കൂടി പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തി ഈ സമുദായത്തിനു ഭ്രസ്വത്തുടമസ്ഥതയിൽ നേരിട്ടിരിക്കുന്ന അവശത പരിഹരിക്കുവാൻ ദയവുണ്ടാകണമെന്ന് ബഹുമാനപ്പെട്ട ഗവർമ്മെൻറിനോട് അപേക്ഷിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

MR. M. RAMACHANDRA RAO : Sir, the main resolution deals with only lands for cardamom cultivation in the Kottayam Division. I shall deal with the subject matter of the resolution first. About 3 years back lands in the Pallivassal pakuthy were allotted for registry. It was anticipated then that about 10,000 acres will be available for registry for cardamom cultivation. But only up to 4,000 acres have been registered till now. There are even now extensive lands in Pallivassal pakuthy fit for cardamom cultivation. Government have leased out about 1350 acres from the forest reserve in the Muvattupuzha — Thodupuzha Taluks for cardamom cultivation. Recently Government have sanctioned another 1,000 acres from the same area to be leased out to applicants at Rs. 4 per acre. There are more lands available for cultivation in the Pallivassal pakuthy than in any other pakuthies. But lands fit for cardamom cultivation lies a little away from roads. It is for the applicants to select lands and approach Government for the construction of roads to their estates.

MR. K P. KOCHUKORA THARAKAN: കൃഷിക്കായി പതിച്ചുകൊടുത്ത സ്ഥലങ്ങളെല്ലാം പാറക്കെട്ടുകളോടുകൂടിയവയാണെന്നുള്ള വിവരം അറിയാമോ?

MR. M. RAMACHANDRA RAO : എല്ലാ സ്ഥലത്തും പാറക്കെട്ടുകളില്ല.

Cardamom only grows in high areas with dense forest tracts. There are still large tracts available there.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT : What is the extent available now?

MR. M. RAMACHANDRA RAO : Not less than 3 to 4 thousand acres. The difficulty with these applicants is that they want lands near the roads. Such lands have already been disposed of. There are very few applicants for lands in higher elevations, away from roads. If applicants come for places in higher elevations and away from the roads, I am sure Government will do their best to help them to construct approach roads to those areas.

SAHIB BAHADUR P. S MUHAMED : പള്ളിവാസൽ ഏരിയായിൽ അല്ലാതെ വേറെ സ്ഥലം ഉണ്ടെങ്കിൽ അതു പതിച്ചുകൊടുക്കുന്നതിനു വിരോധമുണ്ടോ?

MR. M. RAMACHANDRA RAO: ഒരു ഏരിയായിലുള്ള സ്ഥലം മുഴുവൻ പതിച്ചുകൊടുത്തതിനുശേഷംമാത്രമേ മറെറാരു ഏരിയായിലുള്ള സ്ഥലം പതിച്ചുകൊടുക്കുകയുള്ളൂ.

MR. K. P. KOCHUKORA THARAKAN : പത്തേക്കർ ഉള്ള ഒരു ബ്ലാക്ക് എടുക്കുകയാണെങ്കിൽ പാറക്കെട്ടില്ലാതെ അതിനകത്തു് എതു സ്ഥലം കാണും?

MR. M. RAMACHANDRA RAO : That Sir, is to be surveyed and reported upon. Generally, before applying, the applicants go and see the lands. If they apply for cardamom lands the rocky and other portions unfit for cardamom cultivation are usally excluded from the registry. I don't think even 500 acres are available yet in the Thodupuzha—Muvattupuzha forest reserve. It is for the Conservator to advise Government about the advisability of throwing open the reserves for registry. But I can assure the honourable members that applications for lands for cardamom cultivation in the Pallivassal pakuthy will be favourably considered.

Sir, two or three honourable members spoke of registering lands on communal representation basis. Government have already made rules regarding the registry of lands for members of the backward communities and in each taluk areas have been allotted. But they go and encroach on reserve forests, tank beds and cattle grazing grounds and say that they want those places. This cannot be encouraged.

MR. N. JOHN JOSEPH: ഗവണ്മെൻറിൽനിന്നും എത്ര നിയമം ഉണ്ടാക്കിയാലും ആവശ്യസമുദായാംഗങ്ങൾക്ക് വേണ്ട രക്ഷ ചെയ്യേണ്ടതു് ഡിപ്പാർട്ടുമെൻറു മേധാവികളല്ലേ?

MR. M. RAMACHANDRA RAO : ഏതായാലും ഒഴിച്ചിടപ്പെട്ട സ്ഥലത്തുനിന്നും ഒരിഞ്ചു് സ്ഥലംപോലും കൊടുക്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. N. JOHN JOSEPH : ഭൂമി പതിച്ചുകൊടുക്കുന്നതിനല്ലാതെ ലാൻഡ് റവന്യൂ കമ്മീഷണക്ക് വേറെ എന്തെങ്കിലും ചെയ്യാൻ അധികാരമുണ്ടോ?

MR. M. RAMACHANDRA RAO : ഉണ്ട്.

MR. M. RAMACHANDRA RAO : In North Travancore, in the time of my predecessor and during my period many tracts were encroached upon without authorisation, but we recommended to Government to register those lands in favour of the holders. And blocks after blocks have thus been registered. But, at present lands are not available to that extent in south and central Travancore for registry. The question of registry of lands for backward classes will receive sympathetic consideration if they apply for lands set apart for them or if lands are available for registry. I may assure the House that the policy of the Government in the matter of allotting lands for cultivation from the reserve forest will be liberal as it has hitherto been. Recently, over 1,000 acres were allotted for paddy cultivation in Mannankandom.

MR. N. JOHN JOSEPH : മന്നാംകണ്ടത്തിൽ അവശസമുദായക്കാക്ക് പതിച്ചുകൊടുക്കുന്നതിനായി തിരിച്ചുവച്ചിട്ടുള്ള ഭൂമികളും മറ്റു സമുദായക്കാർ കയ്യേറിയിട്ടുള്ള വിവരം അറിയാമോ?

MR. M. RAMACHANDRA RAO : പണം കൊടുക്കാതെ ആർക്കും വേറെ ഭൂമി പതിച്ചുകൊടുക്കുവാൻ സാധിക്കുകയില്ല.

MR. N. JOHN JOSEPH : അധഃകൃതക്ക് പതിച്ചുകൊടുക്കുന്നതിനായി തിരിച്ചിട്ടുള്ള ഭൂമികളിൽ ഇതര സമുദായക്കാർ പ്രവേശിച്ചിട്ടുള്ളതായി അറിയാമോ?

MR. M. RAMACHANDRA RAO : അങ്ങിനെയുള്ള സ്ഥലങ്ങളും അവരിൽ നിന്നും ഒഴിച്ചുകൊടുക്കുന്നതാണ്. അങ്ങനെ കൊടുത്തിട്ടുമുണ്ട്.

MR. T. T. KESAVAN SASTRI: മന്നാംകണ്ടത്തിൽ ഒഴിച്ചിട്ടിട്ടുള്ള സ്ഥലം പതിച്ചുകൊടുക്കുന്നതിനു അനുവദിക്കാതിരിക്കുന്നതു ശരിയാണോ?

MR. M. RAMACHANDRA RAO : അധഃകൃതക്ക് സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ട്.

MR. K. P. KOCHUKORA THARAKAN : എത്ര മൈൽ ദൂരംവരെയുള്ള സ്ഥലങ്ങളിൽ ഏലക്കൃഷി നടത്തിവരുന്നു എന്നറിയാമോ?

MR. M. RAMACHANDRA RAO : കൃത്യമായി അറിയാൻ പാടില്ല.

MR. K. P. KOCHUKORA THARAKAN : പള്ളിവാസൽ പകുതിയിൽ എട്ടു പത്തു മൈൽ ദൂരംവരെ ഏലക്കൃഷി നടത്തുന്നു എന്നുള്ള വിവരം അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. M. RAMACHANDRA RAO : എട്ട പത്തു മൈൽ ദൂരം ഇല്ല. മൂന്നോ മൂന്നരയോ മൈൽ ദൂരംവരെ ഏലക്കൃഷി നടത്തുന്നുണ്ട്.

MR. T. C. KESAVA PILLAI : തെക്കൻതിരുവിതാംകൂറിൽ ലാൻഡ് കാളനൈസേഷൻ സ്കീം അനുസരിച്ച് തിരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടോ?

MR. M. RAMACHANDRA RAO: I think the Conservator of Forests should inform the honourable member about that.

MR. T. C. KESAVA PILLAI : ആ സ്ഥലങ്ങൾ പതിച്ചു കൊടുക്കാമോ ?

MR. M. RAMACHANDRA RAO: The matter will be considered.

MR. K. P. KOCHUKORA THARAKAN : അപേക്ഷകന്മാർ കൊടുത്തിട്ടുള്ള പല അപേക്ഷകളും പെൻഡിംഗ് ആയി കിടപ്പുള്ളതായി അറിയാമോ ?

MR. M. RAMACHANDRA RAO: The difficulty is this. They apply for 50 acres, and when asked to show where the 50 acres lie, they show X's land or Y's land. When the surveyor goes to the spot and asks the party where his choice lies, this has been found to be invariably the case. There are lands available for registry and they can make applications for these lands.

MR. K. R. NARAYANAN (*Vaikam cum Kottayam*) ഏലക്കൃഷിക്കായി പണം അടച്ചു സ്ഥലം പതിച്ചു കിട്ടണമെന്നപേക്ഷിച്ചിട്ട് സ്ഥലം കിട്ടാത്തതുകൊണ്ട് അടച്ച പണം തിരിച്ചു വാങ്ങിച്ചിട്ടുള്ളതായി അറിയാമോ?

MR. M. RAMACHANDRA RAO: അങ്ങിനെ ഉണ്ടായിരിക്കാം.

MR K. P. KOCHUKORA THARAKAN : പള്ളിവാസൽ പകുതിയിൽ എത്രമൈൽ സ്ഥലം പതിച്ചു കിട്ടണമെന്നപേക്ഷിച്ചിട്ടുണ്ട്?

MR. M. RAMACHANDRA RAO : അതിനെപ്പറ്റി നിശ്ചയമില്ല. പക്ഷെ റിസർവ് റിക്കാർഡ് അനുസരിച്ച് ആയിരത്തിനുറ്റി അൻപതേക്കർ സ്ഥലം അവിടെയുണ്ട്. അതിൽ തൊള്ളായിരത്തി ഇരുപതേക്കർ സ്ഥലം ഗവണ്മെൻറിൽനിന്നും അളന്നിട്ടുണ്ട്. ബാക്കി അഞ്ചൂറ് ഏക്കർ വരികയില്ലെന്നാണു പറയുന്നത്.

MR. K. R. NARAYANAN : അതു തൊടുപുഴ താലൂക്കിലല്ലേ ?

MR. M. RAMACHANDRA RAO : അതേ.

MR. K. P. KOCHUKORA THARAKAN : അവിടെ ഏലക്കൃഷിചെയ്യുന്നവർക്കു സ്ഥിരമായി കെട്ടിടം പണിയിച്ചു താമസിക്കുന്നതിനുള്ള സ്ഥല സൗകര്യമില്ലെന്നുള്ള വിവരം അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. M. RAMACHANDRA RAO : It is a matter for the Conservator to answer.

MR. T. T. KESAVAN SASTRI : ഏലക്കൃഷി നടത്തുന്നതിനായി എത്ര ഏക്കർ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ട്?

MR. M. RAMACHANDRA RAO : ധാരാളംസ്ഥലം പതിച്ചു കൊടുത്തിട്ടുണ്ട്.

MR. K. P. KOCHUKORA THARAKAN : പള്ളിവാസൽ പകുതിയിലുള്ള ഉപയോഗശൂന്യമായ മേടും മലയും മരുഭൂമിയും ഗവണ്മെൻറു ഭൂമിയായി പ്രത്യേകം തിരിച്ചിട്ടിട്ട് അതിനു പകരമായി കോട്ടയം ഡിവിഷനിൽ പെട്ട കുറെ സ്ഥലം പതിച്ചു കൊടുക്കുന്നതിനു ദയവുണ്ടാകുമോ?

MR. M. RAMACHANDRA RAO: I have already answered that question. It is a policy of Government to decide whether they will give on registry lands from the reserve forest.

MR. K. P. KOCHUKORA THARAKAN : ഏലക്കൃഷിക്കായി പതിച്ചു കൊടുത്തിട്ടുള്ള സ്ഥലങ്ങൾ പാറക്കെട്ടുള്ളവയായതുകൊണ്ട് അതിനു പകരമായി പഴയ കോട്ടയം ഡിവിഷൻറെ അതിർത്തിയിലുള്ള സ്ഥലംപതിച്ചുകൊടുക്കാമോ എന്നാണ് അറിയേണ്ടതു?

MR. M. RAMACHANDRA RAO: It is a matter of policy which I cannot answer.

MR. K. R. NARAYANAN : ഇനി അവിടെ സ്ഥലമുണ്ടെങ്കിൽ പതിച്ചുകൊടുക്കുന്നതിനു വിരോധമുണ്ടോ?

MR. M. RAMACHANDRA RAO: അപേക്ഷിച്ചാൽ പതിച്ചുകൊടുക്കുന്നതിനു വിരോധമില്ല.

MR. K. R. NARAYANAN : അവിടെ ഉണ്ടാകാവുന്ന ഉപദ്രവങ്ങൾ മൂഴുവൻ സഹിച്ചുകൊള്ളാമെന്നുള്ള കരാറിൽ അപേക്ഷിക്കുന്നതായാൽ പതിച്ചുകൊടുക്കാമോ?

MR. M. RAMACHANDRA RAO : പതിച്ചു കൊടുക്കാൻ തയ്യാറാണ്.

It would be a failure, Sir, in the matter of the registry of lands for cardamom cultivation in Devicolam, the policy of Government has been very liberal and there are still about 3 to 4 thousand acres for cultivation in that Division, while in the Muvattupuzha and Thodupuzha forests there is not even 1000 acres. I would, therefore, ask the honourable members to advise their friends to ask for more lands in Devicolam. I shall also ask the Devicolam Peishkar to render as much help as possible to the people who apply for registry of lands in those places.

I think this would satisfy the mover of the motion and I request Mr. Tharakan not to press his resolution.

DEPUTY PRESIDENT : Before I ask the honourable member to withdraw, I wish to know whether the Conservator of Forests has to offer any remark.

LIBRARY ARCHIVES Kerala Legislative Assembly

MR. P. RAMAN PILLAI: Sir, my honourable friend who has just sat down has explained in full what the position in regard to the registry of land is. When there are three thousand acres outside the Reserve available for registry for cardamom cultivation, I do not see the necessity for disafforestation of lands from the Reserve. The very fact that this balance remains unregistered will show that there are no applicants forthcoming to take up this land for cultivation. As such, I do not feel the necessity for further disafforestation of any land from the adjacent reserve.

MR. SAHIB BAHADUR P. S. MUHAMED : തൊടുപുഴ മൂവാറ്റുപുഴ മുതലായ താലൂക്കുകളിൽ പതിച്ചു കൊടുക്കാൻ സ്ഥലമില്ലെന്നാണോ പറയുന്നത്?

MR. P. RAMAN PILLAI : ആ സ്ഥലങ്ങളും ഇപ്പോൾ സർവെചെയ്തു വരുന്നതേയുള്ളൂ.

MR. K. P. KOCHUKORA THARAKAN : മൂവായിരം ഏക്കർ സ്ഥലം ഉണ്ടെന്നു പറഞ്ഞതു് ഏതു പകുതിയിലാണ്?

MR. P. RAMAN PILLAI : പള്ളിവാസൽ പകുതിയിലാണ്.

MR. K. P. KOCHUKORA THARAKAN പള്ളിവാസൽ പകുതിയിലുള്ള ഭൂമി ഏലക്കൃഷിക്കു പറ്റിയതല്ല. അവിടെ പാറക്കെട്ടുകളും മറ്റും ഉള്ളതുകൂടാതെ ആന, കരടി, കടുവാ മുതലായ ഒഴിജന്തുക്കളുടെ ഉപദ്രവവും ധാരാളം ഉണ്ടു്. അതുകൊണ്ടു് പാറക്കെട്ടുകളോടുകൂടിയ ഉപയോഗശൂന്യമായ ഈ പ്രദേശങ്ങളെ ഗവണ്മെൻറിലേക്കു് തിരിച്ചു വച്ചിട്ടു് ദേവികുളം ഡിവിഷനിൽ ചേർന്നു കിടക്കുന്ന സ്ഥലം ഏലക്കൃഷിക്കായി തിരിച്ചുകൊടുക്കുന്നതിൽ വിരോധമുണ്ടോ?

MR. P. RAMAN PILLAI : അവിടെയുള്ള മൂവായിരം ഏക്കർ സ്ഥലവും പാറക്കെട്ടുകളോടുകൂടിയവയാണെന്നു പറയാൻ നിവൃത്തിയില്ല. ഏലക്കൃഷിക്കു യോജിച്ച സ്ഥലം അവിടെ ധാരാളമുണ്ടു്. ഈ സ്ഥലങ്ങളെ ഒഴിച്ചിട്ടു് അതുമുതൽ റിസർവിൽ നിന്നും ഒഴിവാക്കി പതിച്ചു കൊടുക്കുന്നതു് പ്രായോഗികമാണെന്നതോന്നുന്നില്ല. ആ സ്ഥലങ്ങളെ ഒഴിവാക്കണമെങ്കിൽ ഗവണ്മെൻറിലേക്കു റിപ്പോർട്ടു ചെയ്തു മറുപടി വരുത്തേണ്ടിയിരിക്കുന്നു.

MR. M. RAMACHANDRA RAO: Sir, a point of information. I may point out for the information of the honourable member that the denser the forests, the better it is for the cultivation of cardamom. It will be the land of elephants, the land of bisons, but the more the elephants the more the bisons, the more the leeches, the better will it be for cardamom cultivation.

MR. K. P. KOCHUKORA THARAKAN : ഈ സ്ഥലത്തിൻെറ സ്ഥിതി എന്താണെന്നും അതിനെപ്പറ്റി അറിയാമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. സ്ഥലം പതിച്ചുകൊടുക്കേണ്ടതാവശ്യം വന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

ലാൻഡ് റവന്യൂ കമ്മീഷണർ സ്ഥലം നോക്കി എന്നു പറയുന്നുണ്ട്. ആ സ്ഥലം പാറക്കെട്ടുകൾ കൊണ്ട് നിറഞ്ഞതാണ്. വൃക്ഷങ്ങൾ പോലും ആ സ്ഥലത്തു ഉണ്ടാവുകയില്ല. അതുകൊണ്ട് ആ സ്ഥലം ഏല കൃഷിക്കു പറ്റിയതാണോ എന്നറിയുന്നതിന് വേണ്ടവിധത്തിൽ അന്വേഷിച്ച് ഒരു റിപ്പോർട്ട് വരുത്തണം. അങ്ങനെചെയ്യാമെന്നു ഒരു അഷ്വറൻസ് തരാതെ എന്റെ റസല്യൂഷൻ പിൻവലിക്കാൻ നിവൃത്തിയില്ല.

MR. M. RAMACHANDRA RAO: Before I recommended to Government the throwing open of the registry of the lands in the Pallivassal pakuthy for cardamom cultivation, I had the land examined by the Executive Engineer and by technical experts who were experienced in the matter of classification of cardamom lands. At that time Mr. Mani, the late Executive Engineer, who himself owned many acres of cardamom lands, along with some others inspected the locality and testified to the fact that about 10,000 acres are available for cardamom cultivation in the area. I can fully assure the honourable member that in the matter of cardamom cultivation, lands which are not fit for the purpose are not at all included in the area registered. Only the forests which are fit for cardamom cultivation are surveyed and reported.

Government are interested in having more cardamom cultivation than there is at present.

MR. T. T. KESAVAN SASTRI : പത്തനംതിട്ട താലൂക്കിൽ റാന്നി പകുതിയിലുള്ള കരംകളം വനം കൺസർവേറർ അവർകൾ സന്ദർശിച്ചിട്ടുണ്ടോ ?

MR. P. RAMAN PILLAI: Yes, sir.

DEPUTY PRESIDENT: Mr. K. P. Kochukora Tharakan. Are you pressing the resolution ?

MR. K. P. KOCHUKORA THARAKAN : എന്റെ മാന്യസ്നേഹിതന്മാരിൽ പലരും ഏലകൃഷിക്കായി പണം കെട്ടിവച്ച് സ്ഥലം പതിച്ചു കിട്ടണമെന്നപേക്ഷിച്ചിട്ട് സ്ഥലം കിട്ടാത്തതിനാൽ കെട്ടിവച്ച പണം തിരിച്ചു വാങ്ങിച്ചിട്ടുള്ളതായി എനിക്കറിയാം. കുന്നത്തുനാട്ട് താലൂക്കിലോ പറവൂർ താലൂക്കിലോ മൂവാറ്റുപുഴ താലൂക്കിലോ ഉള്ള അളുകൾ അല്ലാ ഇങ്ങനെ ചെയ്തിട്ടുള്ളത്. ചെങ്കോട്ട താലൂക്കിലുള്ള ഒരാൾ കെട്ടിവച്ച പണം തിരിയെവാങ്ങിച്ചിട്ടുണ്ട്. അതുകൊണ്ട് ഏലകൃഷിക്കു പറ്റിയ സ്ഥലം അവിടെയുണ്ടോ എന്നു ഒരു എക്സ്പർട്ട് കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിച്ചാൽ കൊള്ളാം. ലാൻഡ് റവന്യൂ കമ്മീഷണരും ഫാറസ്റ്റ് കൺസർവേറരും യോജിച്ച് ഇതിനെപ്പറ്റി അന്വേഷിക്കുന്നതു നന്നായിരിക്കും. ഏലകൃഷിക്കു കൊള്ളാവുന്ന സ്ഥലങ്ങൾ ഉണ്ടെങ്കിൽ അവയെ പതിച്ചുകൊടുത്തു കൃഷിയെ വർദ്ധിപ്പിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കണം. സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

പതിച്ചു കിട്ടണമെന്നാവശ്യപ്പെട്ടാൽ ലാൻഡ് റവന്യൂ കമ്മീഷണരും ഫാറസ്റ്റ് കൺസർവേറ്ററും തരാൻ സാധിക്കുകയില്ലെന്നാണുപറയുന്നതു്. അതുകൊണ്ടു് എന്റെ മോഷനെ ഞാൻ പ്രസ് ചെയ്യുന്നു.

Motion put and carried.

DEPUTY PRESIDENT : Mr. K. P. Kochukora Tharakan.
MR. K. P. KOCHUKORA THARAKAN : Sir, Resolution No. 7
DEPUTY PRESIDENT : You are not moving Resolution No. 6?
MR. K. P. KOCHUKORA THARAKAN : No.

RESOLUTION NO. 7 RE: PADDY CULTIVATION.

MR. K. P. KOCHUKORA THARAKAN : Sir, I beg to move "That this Assembly recommends to Government that steps be taken immediately for cultivating in Travancore itself the paddy required for the consumption of the people here."

പാശ്ചാത്യരാജ്യങ്ങളിൽ ഒരു യുദ്ധത്തിന്റെ പ്രാരംഭമുണ്ടായപ്പോൾ ഇവിടത്തെ ജനങ്ങൾക്കു് അത്യാവശ്യമായ നെല്ലിനും അരിക്കും ക്രമാതീതമായി വില വർദ്ധിക്കുകയാൽ ആ വിഷയത്തിൽ കരുണയോടെ ഗവണ്മെൻറു പ്രവേശിച്ചു ഈ സാധനങ്ങളുടെ വിലയെ നിയന്ത്രണംചെയ്തു എന്നുള്ള സംഗതി എന്നെപ്പോലെ ഇവിടെ കൂടിയിരിക്കുന്ന മാന്യ സ്നേഹിതന്മാർക്കും അറിയാമെന്നു വിശ്വസിക്കുന്നു. ഈ രാജ്യത്തേക്കു് ആവശ്യമുള്ള നെല്ലും അരിയും മറ്റു ധാന്യങ്ങളും ഇവിടെത്തന്നെ വിളയിക്കണമെന്നു് പറഞ്ഞു സമയം കളയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. തിരുവിതാംകൂറിൽ അതിനുള്ള സൗകര്യമുണ്ടോ എന്നു മാത്രമേ നോക്കേണ്ടതുള്ളൂ. അനേകകാലമായി കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നും പരിഷ്കൃതമായ കൃഷിസംപ്രദായങ്ങൾ നടപ്പിലാക്കണമെന്നു പരാതിപറഞ്ഞതിന്റെ ഫലമായി അടുത്തകാലത്തു് പുതിയതരത്തിലുള്ള വളം ശേഖരിക്കുന്നതിനും പുതിയതരത്തിലുള്ള കൃഷിസംപ്രദായങ്ങൾ നാട്ടിന്റെ നാനാഭാഗങ്ങളിലും പ്രചരിപ്പിക്കുന്നതിനും ഡയറക്ടർ അവർകളുടെ പ്രത്യേക നിഷ്ക്കർഷയും ശട്ടംകെട്ടലും ഉത്സാഹവുംകൊണ്ടു് കൃഷി ഇൻസ്പെക്ടർമാർ ശ്രമിച്ചുവരുന്നു എന്നുള്ള സംഗതി സന്തോഷസമേതം ഇവിടെ അറിയിച്ചുകൊള്ളുന്നു. എന്നാൽ ഈ കൃത്രിമവളംകൊണ്ടും പ്രചരണവേലകൊണ്ടും ഇവിടത്തേക്കു ആവശ്യമുള്ള നെല്ലും അരിയും ഇവിടെ വിളയ്ക്കാൻ സാധിക്കുകയില്ല എന്നു എനിക്കു ധൈര്യസമേതം പറയാൻസാധിക്കും. അതിലേക്കു ഗവണ്മെൻറിനേയും കൃഷിഡയറക്ടരേയും ഞാൻ പെട്ടെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

വിളിക്കുന്നു. പരിഷ്കൃതമായ കൃഷിസംപ്രദായങ്ങൾ ഏർപ്പെടുത്തി ഇവിടത്തെ ഭൂമിയുടെ വിളവിനെ വർദ്ധിപ്പിച്ചുകാണിച്ചു ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. ജനങ്ങൾ പല കൊല്ലങ്ങളായി ഉപദേശം കേട്ടു പ്രവൃത്തിച്ചു നിരാശയിൽ ആയിക്കഴിഞ്ഞു. ഇനിയും പ്രസംഗത്തിനല്ല പ്രവൃത്തിക്കാണ് ഞങ്ങൾ വില കല്പിച്ചിരിക്കുന്നതു എന്നു ഗവണ്മെൻറും ഡയറക്ടരും അറിയേണ്ടതാണ്. ഇപ്പോൾ ഗാർഡൻ ലാൻഡായി കിടക്കുന്ന ഒട്ടു വളരെ സ്ഥലങ്ങളെ ജലസേചനംകൊണ്ടു നല്ലതരത്തിലുള്ള കൃഷിസ്ഥലങ്ങളാക്കണം എന്നു റസല്യൂഷൻവഴിയായും ചോദ്യങ്ങൾ മുഖേനയും പല പ്പോഴും ഞാൻ അസംബ്ളിയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. പെരിയാറിൽ പല സ്ഥലത്തും ഉള്ള വെള്ളച്ചാട്ടത്തെ ചാലുകൾവഴിയായി തിരിച്ചു കൊണ്ടുവന്നാൽ ൫ ൦ ൦ ൦-ത്തിൽ പരം ഏക്കർ സ്ഥലം നല്ലകൃഷിസ്ഥലമാക്കാൻ സാധിക്കുന്നതാണു. മിഥുനമാസം മുതൽ വൃശ്ചികമാസം വരെ മഴയുള്ളതിനാൽ ആറ്റിൽക്കൂടി ധാരാളമായി ഒഴുകിക്കൊണ്ടിരിക്കുന്ന വെള്ളത്തെ തിരിച്ചുകൊണ്ടുവരണമെന്നേ പറയുന്നുള്ളൂ. അതുതന്നെയും മേൽപറഞ്ഞ മഴക്കാലത്തു മഴയില്ലാതെവരുമ്പോൾ ഏതാനും കാലത്തേക്കുമാത്രം മതിയാകും. ഈ കൃഷി തെക്കൻതിരുവിതാംകൂറിലെ പുഞ്ചകൃഷിപോലെയല്ലെന്നും ഗവണ്മെൻറിനെ ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. റിസർവ് ഫാറസ്റ്റായി തിരിച്ചിട്ടിരിക്കുന്ന പെരിയാറിൻെറ വടക്കുവശത്തുള്ള ഭൂമികൾ തല്ക്കാലം വേണ്ട; തെക്കുവശത്തുള്ള ഭൂമി പതിച്ചുകൊടുത്താൽ മതിയാകും. ആ സ്ഥലം പതിച്ചുകൊടുക്കുകയും വെള്ളച്ചാലുകൾ ഉണ്ടാക്കി വെള്ളം കൊണ്ടുപോകുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തിട്ട് അതു വിജയപ്രദമാണെന്നു കാണുന്നുണ്ടെങ്കിൽ മാത്രം മറ്റു സ്ഥലങ്ങൾ കൂടി പതിച്ചുകൊടുത്താൽ മതിയാകും. അങ്ങനെ സ്ഥലം പതിച്ചുകൊടുത്തു് അവിടെ വെള്ളം കൊണ്ടുപോകുന്നതിനും സൗകര്യപ്പെടുത്തിക്കൊടുത്താൽ അവരിൽ നിന്നും ന്യായമായ വെള്ളക്കരം ഈടാക്കുന്നതുകൊണ്ടും തരക്കേടില്ല. പതിച്ചുകൊടുക്കുന്ന സ്ഥലത്തിൻെറ രീതി അനുസരിച്ചും വിളവു അനുസരിച്ചും വെള്ളക്കരമായിട്ടും തറവിലയായിട്ടും കരമായിട്ടും ഒരു നല്ല സംഖ്യ ഗവണ്മെൻറിലേക്കു ലഭിക്കുന്നതാണു. ഇങ്ങനെ പതിച്ചുകൊടുക്കുന്നതിനു സൗകര്യമുള്ള അയ്യായിരമോ പതിനായിരമോ ഏക്കർ സ്ഥലം കുന്നത്തുനാടു താലൂക്കിൽ മാത്രമുണ്ടെന്നുള്ള സംഗതി എനിക്കറിയാം. ഇതുപോലെ മറ്റു താലൂക്കുകളിലും കാണുമെന്നുള്ളതു തീച്ചയാണ്. അതുകൊണ്ടു കൃഷിഡിപ്പാർട്ടുമെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഇതിനെപ്പറ്റി നല്ലവണ്ണം ആലോചിച്ച് അനേഷിച്ച നെൽ കൃഷിക്ക് ഉപയോഗയോഗ്യമായ സ്ഥലം പതിച്ചുകൊടുക്കുന്നതിന് ഗവ ണ്മെൻറിനെ ഉപദേശിക്കേണ്ടതാണ്. തിരുവിതാംക്കൂറിൽ ആകെ ന്നു,ഫ ഠ,ൻന വ ഏക്കർ സ്ഥലം നെൽകൃഷിക്കായി ഉപയോഗപ്പെടുത്തി വരുന്നു എന്നുള്ള സംഗതി എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. തിരു വിതാംക്കൂറിലെ ഒ ഫ ലക്ഷം ജനങ്ങൾക്ക്— ഇപ്പോൾ ഒ ഫ ലക്ഷം അല്ല; കൂടുതലുണ്ട്— ഇതുയും സ്ഥലത്തു കൃഷിചെയ്യുന്ന നെല്ലുകൊണ്ട് മതിയാ കുകയില്ല. അതുകൊണ്ട് കൃഷിസ്ഥലങ്ങൾ വർദ്ധിക്കത്തക്ക നിലയിൽ ഭൂമി പതിച്ചുകൊടുക്കണം. എന്റെ സ്നേഹിതന്മാരായ മി. കേശവൻ ശാസ്ത്രിയും മി: ജാൺജോസഫും പറഞ്ഞതുപോലെ തിരുവിതാംക്കൂറിൽ കൃഷിചെയ്യുന്നതിനെന്നുവേണ്ടാ താമസത്തിനുപോലും സ്ഥലമില്ലാത്ത സാ ധുക്കൾക്കു ചെറിയ ചെറിയ ബ്ലാക്കുകളായി തിരിച്ച് തറവിലയും കര വും നീണ്ടകാലയളവിൽ ഗവണ്മെൻറിനു കിട്ടത്തക്കവിധത്തിൽ അവർക്കു പതിച്ചുകൊടുക്കണം. പണക്കാരായ ആളുകൾക്കു— അവരുടെ നിലയനു സരിച്ചുള്ള ധാരാളം പണം ചെലവാക്കി കൃഷിസ്ഥലങ്ങൾ നന്നാക്കിയെടു ക്കാൻ സാധിക്കുന്നവർക്ക്— അതിനനുസരിച്ച സ്ഥലങ്ങൾ പതിച്ചുകൊടു ക്കണം. അതിനു ശക്തിയില്ലാത്തവർക്ക് കൃഷിഡിപ്പാർട്ടുമെൻറുമുഖേന ഓരോരുത്തരുടെ സ്ഥിതി അനുസരിച്ച് ആവശ്യത്തിനുള്ള സ്ഥലം വീതം പതിച്ചുകൊടുത്തു കൃഷിഇൻസ്പെക്ടരുടെ ചുമതലയിൽ വളം മുതലായവ കൊടുത്തു പരീക്ഷണാർത്ഥം കൃഷിചെയ്തു കാണിച്ചുകൊടുക്കണം. ഇപ്പോൾ എല്ലാവരും വളം വാങ്ങിക്കൊണ്ടുപോകുന്നുവെങ്കിലും ശരിയായവിധത്തിൽ കൃഷിചെയ്യുന്നവരില്ല. കൃഷി ഇൻസ്പെക്ടർമാർക്കു എന്തുകൊണ്ട് ഇവ രെക്കൊണ്ട് കൃഷി ചെയ്യിച്ചുകൂടാ എന്നു ചോദിക്കുന്നു. ഈ കൊല്ലത്തിൽ ഒരു സ്ഥലത്തു കൃഷിചെയ്തു കാണിച്ചുകൊടുത്തിട്ട് അടുത്തകൊല്ലത്തിൽ വേറൊരു സ്ഥലത്തു പരീക്ഷണാർത്ഥം കാണിച്ചുകൊടുക്കണം. അതിലേ ക്ക് വളത്തിനുംമറ്റും വേണ്ടിവരുന്ന പണച്ചെലവു കൃഷി ആദായത്തിൽ നിന്നും ഈടാക്കുന്നതു നന്നായിരിക്കും. ഇവിടത്തെ കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിച്ചും പരിഷ്കൃതരീതിയിലുള്ള കൃഷിസംപ്രദായങ്ങൾ ഏർപ്പെടു ത്തിയും തിരുവിതാംക്കൂറിലേക്ക് ആവശ്യമുള്ള നെല്ലും അരിയും മറ്റു ധാന്യ ങ്ങളും ഇവിടെത്തന്നെ കൃഷിചെയ്തുണ്ടാക്കുന്നതിനുമാവശ്യമായ പദ്ധതി കൾ നിർമ്മിക്കണമെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്ന എന്റെ പ്രമേയം എല്ലാ മാന്യസാമാജികന്മാരും അനുകൂലിക്കണമെന്നു അഭ്യർത്ഥിച്ചു കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATHU KUNJITHOMMEN : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ജനപ്രതിനിധികളുടെയും ഗവണ്മെൻറിന്റെയും അടിയന്തരമായ ശ്രദ്ധയിലേക്ക് വിഷയീഭവിക്കേണ്ട അതിപ്രധാനമായ ഒരു സംഗതി ഈ രാജ്യത്തുള്ള ജനങ്ങളുടെ ഭക്ഷണത്തിനുള്ള വക ഈ രാജ്യത്തിൽ നിന്നും തന്നെ നേടിക്കൊള്ളുന്നതിനു വേണ്ട മാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ്. നമ്മുടെ രാജ്യത്തിന്റെ വിസ്തീർണ്ണം ജനസംഖ്യ അനുസരിച്ചുനോക്കിയാൽ വളരെ പരിമിതമാണ്. കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണം അതിലും പരിമിതമാണ്. രാജ്യത്തിന്റെ മൂന്നിലൊരു ഭാഗം സ്ഥലം റിസർവ്വ് വനമായി ഒഴിച്ചിട്ടിരിക്കുകയാണ്. ഈ രാജ്യത്തിന്റെ വിസ്തീർണ്ണം ൯൦൦ ചതുരശ്ര മൈൽമാത്രമാണ് അതിൽ ൨,൪൦൦ ചതുരശ്രമൈൽസ്ഥലം—എന്നാണ് സ്റ്റാറ്റിസ്റ്റിക്സിൽ കാണുന്നത്—റിസർവാക്കി ഇട്ടിരിക്കുകയാണ്. അതു ഒഴിച്ചു കൃഷിസ്ഥലം ൨൦ ലക്ഷം ഏക്കർ ഡ്രൈലാൻറും ൩൯ ലക്ഷം ഏക്കർ വെറുലാൻഡും ഉൾപ്പെടെ ൫൯ ലക്ഷം ഏക്കർ സ്ഥലമേയുള്ളൂ. ഈ കണക്കിനു ആളൊന്നിന് അര ഏക്കർ സ്ഥലംമാത്രമെ കിട്ടുന്നുള്ളൂ. ഇവിടത്തെ ജനങ്ങൾ കൃഷികൊണ്ടു കാലക്ഷേപം ചെയ്യുന്നവരാണ്. ജനങ്ങൾ കൊടുക്കുന്ന നികുതികൊണ്ടാണ് ഗവണ്മെൻറു രാജ്യകാര്യങ്ങൾ നിർവഹിച്ചു വരുന്നത്. കയറുമതിത്തീരുവയും ഭൂനികുതിയും കൊടുക്കേണ്ടതു കാർഷികോൽപ്പന്നങ്ങളിൽനിന്നാണ്. സംഗതികൾ ഇങ്ങനെ ഇരിക്കെ ഇവിടത്തെ കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കാതിരുന്നാൽ ഈ രാജ്യത്തിനു എങ്ങിനെ പുരോഗതിയുണ്ടാകും ? ഓരോ സെൻസസിലും ജനസംഖ്യ വർദ്ധിച്ചുവരുന്നു. ജനസംഖ്യ വർദ്ധിക്കാതിരിക്കുന്നിനു പല കൃത്രിമമാർഗ്ഗങ്ങളും പറയുന്നുണ്ടെങ്കിലും അതൊന്നും ഈ ധർമ്മരാജ്യത്തേക്കു യോജിച്ചതല്ല. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ചു ആഹാരസാധനവും വേണം. ഇവിടത്തെ ആഹാരസാധനത്തിനുവേണ്ടി ഒരു കോടി രൂപ ആണ്ടുതോറും ഇവിടെനിന്നും വെളയിൽ പോകുന്നുണ്ട്. ഇതിനെപ്പറ്റി ഗാഢമായി ചിന്തിക്കണം. വ്യവസായം എന്നു പറയുന്നതു കാലക്രമേണ അഭിവൃദ്ധിപ്പെട്ടു വരേണ്ട ഒന്നാണ്. ഇനി ഒരു അൻപതു വർഷം കഴിഞ്ഞല്ലാതെ വ്യവസായം കൊണ്ടു ഈ രാജ്യത്തിനു വലിയസാമ്പത്തിക അഭിവൃദ്ധിയുണ്ടാകുകയില്ല. അതിനു വേണ്ടി ഇപ്പോഴെ ശ്രമം ചെയ്യണം. കാലക്ഷേപത്തിനു നിവൃത്തിയില്ലാതെ ജനങ്ങൾ കഷ്ടപ്പെടുമ്പോൾ ഇനി ഒരു കാലത്തേക്കു് ഉപയോഗപ്പെടുമെന്നു പറഞ്ഞു് വനം സമ്പാദിച്ചുവച്ചതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു് ? നാട്ടിൻപുറങ്ങളിലെ നിമ്നോന്നതഭൂമികളെ ഡ്രൈ

LIBRARY ARCHIVES Kerala Legislative Assembly

ലാൻറു എന്നും വെറ്റ്‌ലാൻഡ് എന്നും തിരിച്ചിരിക്കുന്നതുപോലെ പറ്റു തപ്രദേശങ്ങളിലെ കുന്നിൻപുറങ്ങളെ ഡ്രൈലാൻഡായും താഴ്ന്ന പ്ര ദേശങ്ങളെ വെറ ലാൻഡ് ആയും രൂപാന്തരപ്പെട്ടത്താം. എ ന്നാൽ കുന്നുകളിലെ കാട്ടുകൾ എല്ലാം ഉടനടി വെട്ടി നശിപ്പിക്കണമെന്ന പറയുന്നില്ല ആറ്, തോട്, റോഡ് എന്നിവയോട് തൊട്ടുകിടക്കുന്ന സ്ഥലങ്ങൾ റിസർവിൽനിന്നും തിരിച്ച ജനങ്ങൾക്കു പതിച്ചുകൊടുക്കു ന്നതുകൊണ്ട് എന്താണ് തരക്കേടുള്ളത് ?

MR. K. P. KOCHUKORA THARAKAN: വെറ്റ്‌ലാൻഡിൽ വൃക്ഷങ്ങ ളുണ്ടോ ?

MR. THARIATHU KUNJITHOMMEN: ഇല്ല.

വനത്തിൽനിന്നും രണ്ടു ലക്ഷം രൂപയാണ് നെറ്റു ആദായം കിട്ടുന്നത്. അവിടെയുള്ള അനവധി കൃഷിസ്ഥലങ്ങളെ വൃഥാ ഇട്ടാണ് ഈ രണ്ടു ലക്ഷം രൂപാ സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. അവിടെയുള്ള വെറ്റു ലാൻറുകളെ പരിച്ചുകൊടുത്താൽ ഇതിലധികം രൂപ കിട്ടുമെന്നു മാത്രമല്ല കിട്ടിക്കൊണ്ടിരിക്കുന്ന രണ്ടു ലക്ഷത്തിനു കുറവും വരികയില്ല. കൃഷിക്കായി പതിച്ചുകൊടുക്കുന്നതിനു സൗകര്യമുള്ള ആയിരം ഏക്കറിൽ കവിഞ്ഞ സ്ഥലം എൻറെ നിയോജകമണ്ഡലത്തിലെ റിസർവിലും കാണു ന്നുണ്ട്. വെറ്റു ലാൻറുകളെ പതിച്ചുകൊടുത്തു കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കുകയും ഡ്രൈലാൻറുകളെ വെറ്റുലാൻറാക്കി രൂപാന്തരപ്പെ ടുത്തി അവിടെ ജലസേചനത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്താൽ ഇവിടത്തേക്കാവശ്യമുള്ള ആഹാരസാധനങ്ങൾ ഇവിടെത്തന്നെ വിളയിക്കാൻ സാധിക്കുന്നതാണ്. വ്യവസായംകൊണ്ട് ഈ രാജ്യം അഭി വൃദ്ധിപ്പെടാൻ കാലതാമസം ഉണ്ടാകുമെന്നു മുൻപു പ്രസ്താവിച്ചല്ലോ. കൂടാതെ വ്യവസായവിഷയത്തിൽ കൂടുതൽ തഴക്കവും പഴക്കവും ഉള്ള വിദേശികൾ വലിയ മൂലധനം മുടക്കി ഉല്പന്നമായവിലയ്ക്കു വ്യവസായ സാധനങ്ങൾ ഇവിടെ അയച്ചുകൊണ്ടിരിക്കുന്നതിനാൽ ഇവിടത്തെ ചെറുതരം ഫാക്ടറികളുടെ പ്രവർത്തനംകൊണ്ട് നമുക്ക് പ്രയോജന മുണ്ടാവുകയില്ല. വ്യവസായപരമായ നിർദ്ദേശങ്ങൾ പാഠശാലകൾ വഴിയായി കുട്ടികളെ പഠിപ്പിച്ചു കൂടിൽ വ്യവസായം പരത്തണം. വെറ്റുലാൻഡുകളെ ലേലം ചെയ്തു പതിച്ചുകൊടുത്താൽ അതിൽ നിന്നും നല്ല സംഖ്യ കിട്ടും. ഈ വക മാർഗ്ഗങ്ങളിൽകൂടി കൃഷിയെ അഭിവൃദ്ധിപ്പെടുത്തി ഇവിടത്തെ ജനങ്ങൾക്കു കാലക്ഷേപമാർഗ്ഗം ഉണ്ടാ ക്കിക്കൊടുക്കണം. അതിനുവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. KUNJUKRISHNAN: The resolution reads that the paddy required for the consumption of the people in the State must be cultivated here. It has to be considered whether it is possible to produce all the paddy necessary for the people here. There are problems confronting us in trying to achieve this. There is the question of population. There is also the question of the area necessary for extensive cultivation of paddy. The population is increasing by leaps and bounds and the question for consideration is whether in proportion to the increase in population the area for cultivation will be available. These are discouraging factors. Still I shall place before the House certain arguments in favour of the resolution.

In England it is argued that the people live mostly on the proceeds they derive from industry, whereby their purchasing power is enhanced. This could be adopted with advantage in a country like ours. We have other instances of Japan and America where agriculture is resorted to very successfully so much so that they are not only self-sufficing but are able to export paddy in a large measure. My submission therefore is that the examples of Japan and America also may be followed with advantage here.

Again, any country that is able to cultivate its requirements of paddy can well be proud of it and that adds to the material prosperity of the people. During the last Great War, the price of imported rice rose very high and we had to depend upon foreign rice to a very great extent. At present the price has not gone up much because of the prompt measures taken by Government.

But, I would put before the House this question whether the purchasing power of the people has risen along with the rise in price of commodities now, as it cannot be denied that there is a rise in price though the price has not assumed dangerous proportions. In British India we hear the prices of agricultural products have risen, whereas in Travancore the prices have not risen to any appreciable extent. That is a factor to be taken note of very seriously by this House and by Government. What is the price of cocoanut, pepper or rubber? What is the price of coir? What is the position of handloom weaving? All our agricultural products have suffered a lot. Hence the people suffer a lot because they have to depend upon foreign rice which is the staple food of the people here. On that score also it is highly necessary to find out ways, if possible, to cultivate all the paddy required for the people in the State. This should meet with the serious attention of Government. If we had been self-sufficient now, I ask, would not the price of rice be considerably less and would it not afford relief to the people in the country?

How is the paddy cultivation to be improved? There are two methods, the intensive and the extensive methods of cultivation. This is not an easy problem. There is no use blaming the Agricultural Department. There is no use blaming anybody. The Government have to take the matter in hand and make an enquiry in all its spheres and come to a conclusion and have before them a definite scheme to start with. Examples may be taken from other countries.

LIBRARY ARCHIVES Kerala Legislative Assembly

Experimental stations may be opened. Officers touring from one place to another might do propaganda work regarding scientific methods of agriculture in other countries. All these things can be adopted here.

In regard to extensive cultivation personally I am not in favour of disafforestation. But I would urge that as much land as possible be made available for intensive cultivation.

I would in this connexion draw the attention of the House to the question of drought, and inundation in certain places. Those are serious problems which affect the interests of the cultivators of North and South Travancore particularly. There was the problem of drought for the last 10 years when the paddy cultivators suffered innumerable hardships. Year after year, season after season, the agriculturist was cultivating paddy with immense loss. He is cultivating paddy not for profit not for his own self-sustenance, but simply for cultivation sake. He does not get anything at all in return for the work he does. Within the limited time at my disposal, I don't propose to elaborate on those factors which require elucidation. There are the big rivers in the North, tanks in the south and central Travancore, and wastage of too-much water in the country. If possible, Government must be in a position to reserve the waters both in the north and south in proper season so that they may be utilised to irrigate the lands. No doubt, all these may be expensive schemes. But there is the important fact that large areas require water for irrigation purposes so that the ryots may get at least something in return for cultivation. Let not the cultivator suffer from severe drought which will lead him to abject poverty and absolute helplessness. I seriously ask Government whether the paddy cultivators can be left in this helpless position, to look upon heaven and heaven alone for purposes of cultivation? I ask, can the paddy cultivators be asked to look upon heaven for rainfall when several honourable members advocate disafforestation? I believe, it is due to the destruction of forests that we are getting less and less rain, year after year.

MR. K. P. KOCHUKORA THARAKAN: വൃക്ഷങ്ങളില്ലാത്ത ഭൂമികൊണ്ട് പതി വുകിട്ടണമെന്നു പറയുന്നതല്ല.

MR. P. KUNJUKRISHNAN: So, the scheme underlying the resolution is a big one. That involves a re-orientation, a re-juvenation of the State, the basic principle being improvement of agriculture and industries of the State. I would specifically draw the attention of the Government to take effective steps to improve cultivation so that the vast majority of the people employed in paddy cultivation is not driven to a miserable and helpless situation. When I say so, I hope one and all the members will join with me.

One more point, Sir. There is a tendency at present for people to convert paddy lands into lands for cultivation of cocoanut etc. By such conversion, people only stand to lose. That is a matter for the Government to look into. With these observations I support the motion.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C KESAVA PILLAI : സർ, തിരുവിതാംകൂറിൽ നെൽകൃഷി സ്ഥലങ്ങൾ ഇനിയും വളരെ കൂടുതലുണ്ടെങ്കിൽമാത്രമേ ഇവിടത്തേക്കാവശ്യമുള്ള നെല്ല് മുഴുവനും ലഭിക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ ഏ ക്സൈസ് ഡിപ്പാർട്ടുമെൻറിലെ റിപ്പോർട്ടുകൾ കൊണ്ട് മനസ്സിലാകുന്നത് മൂന്നുകോടിരൂപാവിലയ്ക്കുള്ള നെല്ല്, അതായത് ൬ ലക്ഷം ചാക്ക് നെല്ല്, ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ടെന്നാണ്. ഏക്കർ ഒന്നിന പത്തു ചാക്കുനെല്ല് വീതം വിളയുകയാണെങ്കിൽ ഏഴുരലക്ഷം ഏക്കർ സ്ഥ ലത്തു് നെൽകൃഷി കൂടുതൽ ചെയ്താൽ മാത്രമെ ഇവിടത്തെക്കാവശ്യമുള്ള നെല്ല് മുഴുവനും എല്ലാക്കാലത്തും കിട്ടുകയുള്ളൂ. ഇപ്പോൾ ൩ ലക്ഷം ഏ ക്കർ സ്ഥലത്താണ് നെൽകൃഷി ചെയ്തുവരുന്നത്. ഇനി ഏഴുരലക്ഷം ഏ ക്കർ സ്ഥലംകൂടി വേണ്ടിയിരിക്കുന്നു അതിലേക്കു റിസർവിൽ നിന്നും കുറെ സ്ഥലം കഴിച്ചു പതിച്ചുകൊടുക്കണം. ഉൾനാടുകളിലെ പാഴ്ഭൂമികൾ നെൽകൃഷിക്കു യോജിച്ച ധാരാളം സ്ഥലങ്ങൾ കിടപ്പുണ്ട്. ആ സ്ഥലങ്ങൾക്ക് ജലം കൊടുത്തു കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കാതെ കൃഷിഡി പ്പാർട്ടുമെൻറിൽ നിന്നും എത്ര പ്രയത്നിച്ചാലും എത്ര പ്രചരണവേലക ൾ ചെയ്താലും എത്ര റിപ്പോർട്ട് എഴുതിയാലും ഫലം ഉണ്ടാവുകയില്ല. ആഹാരം കഴിക്കാതിരുന്നാൽ മനുഷ്യർ ചത്തുപോകും. മുഴക്കാലത്തു മ ലയിൽ നിന്നും ഒഴുകിവരുന്ന വെള്ളം വെറുതെ സമുദ്രത്തിൽ ചെന്നു ചേ രുകയാണ് ചെയ്യുന്നത്. ആ വെള്ളം കൃഷിക്കുപയോഗപ്പെടുത്തുന്നതിനു വിധത്തിൽ വേണ്ടതു് പ്രവർത്തിക്കുന്നതിനു സമർത്ഥനായ നമ്മുടെ ചീ ഫ് എൻജിനീയർ അവർകൾ നമുക്കുണ്ട്. അദ്ദേഹത്തിൻറെ പേരു് പറളിയാറിൻറെ തീരത്തു (Paraly Dam) കൊത്തിവച്ചുകാണണമെന്നാ ണ് എൻറെ അഭിപ്രായം. നെയ്യാറിൻകര താലൂക്കിൽ അരുവിപ്പുറം അരുവിക്കര മുതലായ സ്ഥലങ്ങളിൽ വെള്ളച്ചാട്ടങ്ങൾ കാണുന്നുണ്ട്. അവയെ തിരിച്ചുകൊണ്ടുവന്നാൽ അനേകം ഏക്കർ സ്ഥലം കൃഷിക്കു ഉ പയോഗിക്കാവുന്നതാണ്. കരിവുണ്ടാകുന്ന നിലങ്ങളിൽ മരച്ചീനി ന ടുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. പത്തു രൂപാ കരംകൊടുത്തിട്ട് മണ്ടനായ കൃഷിക്കാരൻ ഒരു രൂപയുടെ മരച്ചീനി നടുകയാണ് ചെ യ്തുവരുന്നത്. അങ്ങനെ ചെയ്യുന്നതു് അവനു നിവൃത്തിയില്ലാഞ്ഞതു കൊണ്ടാണ്. തെങ്ങുനിന്ന ചിറയിൻകീഴ് താലൂക്കുവരെയുള്ള താഴ് ന്ന പ്രദേശങ്ങളിൽ നല്ല കൃഷി സ്ഥലങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നതാ ണ്. അരുവാമൊഴിയിൽ ഏക്കറൊന്നിനു് നാലണ കൊടുത്താൽമതി, എത്ര സ്ഥലം വേണമെങ്കിലും വിലയ്ക്കുവാങ്ങാം. വെള്ളം തിരിച്ചുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടുപോകുന്നതിനു സൗകര്യമുണ്ടായിരുന്നാൽ അവിടെയും നല്ലകൃഷിസ്ഥലങ്ങൾ ഉണ്ടാക്കാൻ സാധിക്കും. എന്റെ മാന്യസ്നേഹിതനായ ചീഫ് എൻജിനീയർ അവർകൾ ഇതിലേക്കു വേണ്ട പദ്ധതികൾ നിമ്മിച്ചു ഉടനടി നടപ്പിൽവരുത്തുന്നതിനു ശ്രമിച്ചാൽ ക്രമേണ ഏഴരലക്ഷം ഏക്കർ സ്ഥലം പ്രയാസംകൂടാതെ കൃഷിചെയ്യുന്നതിനു ലഭിക്കുന്നതാണ്. നൂറോ ഇരുന്നൂറോ ഏക്കർ സ്ഥലം ഒന്നായി കൃഷിചെയ്യുന്നതിനു പൊതുജനസംഘടനമുഖേന അപേക്ഷിക്കുന്നതായാൽ അങ്ങനെയുള്ള പൊതുജനപ്രസ്ഥാനങ്ങൾക്ക് സ്ഥലം പതിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറിൽ നിന്നും അനുവാദം കൊടുക്കണം. ഇറിഗേഷൻ പദ്ധതികൾ അപ്രകാരം പൊതുജനങ്ങൾ നടത്തിക്കാമെന്നു ഏല്ക്കുന്നപക്ഷം ഗവർമ്മെൻറു അനുവാദം കൊടുക്കേണ്ടതാണ്. പള്ളിവാസൽ പദ്ധതി നടപ്പിൽവന്നതിനുശേഷം ഇലക്ട്രിസിറ്റി ഉപയോഗിച്ചു ക്രമേണ കൃഷിസ്ഥലങ്ങൾ ഉണ്ടാക്കണം. ഈ വിഷയത്തിൽ നമ്മുടെ ഭാവി എന്തായും ശോഭനീയമായിത്തീരുന്നതിനും ശ്രീ ചിത്തിരതിരുനാൾ തിരുമനസ്സിലെ ഭരണകാലത്തെ തിരുവിതാംകൂർ ഉള്ളകാലംവരെ സ്മരിക്കത്തക്കവിധത്തിലുമുള്ള പദ്ധതികൾ ഏർപ്പെട്ടത്തി അവയെ നടപ്പിൽവരുത്തുന്ന വിഷയത്തിൽ സഹായിക്കണമെന്നു ഈശ്വരനോടു പ്രാർത്ഥിക്കുകയും തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു പഴക്കമുള്ള ചീഫ് സെക്രട്ടറി അവർകളും അതിലേക്കു വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്നപേക്ഷിക്കുകയും ചെയ്തുകൊണ്ടു ഈ പ്രമേയത്തെ ഹാർദ്ദവമായി പിൻതാങ്ങുന്നു.

MR. KOTTALIL P. ABRAHAM: Sir, I support the motion. This is not the first occasion when a resolution of such magnitude is moved in the House. On prior occasions, propositions of this nature have come up for consideration. In normal times, elaborate arguments may be needed to drive home to Government the importance of such propositions. But this time, nothing of the kind is necessary. Since the outbreak of the present-European war, some sort of consternation has cropped up in the minds of the people and of the Government on the difficulty of imports from outside countries. Even the Government thought it necessary to stock rice in large quantities to meet emergent needs of their people. Urgent steps have therefore to be taken to see that Travancore is self-contained in the production of paddy. Various are the ways. All available area should be brought under cultivation. The ryots should be taught and trained to derive the utmost benefit out of the areas they cultivate. Intensive cultivation our ryots have yet to learn. I am aware that the Agricultural Department has begun to pay better attention in this respect. The hardship of the agriculturists has to be removed forthwith; they must be given proper

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kottalil P. Abraham.]

encouragement and timely relief so as to enable them to carry out a successful intensive cultivation of paddy. By doing so, it is my belief that Travancore will attain self-sufficiency as regards paddy at least. I see that the time is up: and I have to close.

DEPUTY PRESIDENT: The House will now adjourn *sine die*.

The House adjourned *sine die* at 5 P. M.

A. GUNAMONY,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly